# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 | Issue No. 08 | August 2025 | Rs. 15/-





# പൗരോഹിത്യ സുവർണ്ണജൂബിലി മംഗളങ്ങൾ



**REV. FR. MATHEW ERALY**



**REV. FR. SEBASTIAN KOOTTUNKAL**



**REV. FR. JOSEPH KUREECKAL**



**REV. FR. VARGHESE MANAVALAN**



**REV. FR. SEBASTIAN MANIKATHAN**



**REV. FR. SEBASTIAN PALATTY**



**REV. FR. VINCENT PARAMBATHARA**



**REV. FR. JOSE PARAPPURAM**

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 8 August 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സർക്കുലർ: 4/2025 - അതിരൂപത
8. കെ.സി.ബി.സി. - തടവറപ്രേഷിത ഞായർ
12. കെ.സി.ബി.സി. - ജസ്റ്റിസ് സൺഡേ
15. കച്ചേരിക്കാര്യം
   - പ്രൊ - പ്രൊട്ടോസിഞ്ചെല്ലൂസ്/സിഞ്ചെല്ലൂസ് ജോലി വിഭജനം
   - Transfers/Appointments
   - വൈദികദിനാഘോഷം
   - വൈദികരുടെ പ്രത്യേക ശ്രദ്ധയ്ക്ക്
   - വൈദികരുടെ വാർഷികധ്യാനം
20. നിര്യാതയായി
21. Dept. of Archdiocesan Public Relations
22. വാർത്തകളും വിശേഷങ്ങളും
25. വിശ്വാസപരിശീലന കേന്ദ്രം
27. ഫാമിലി അപ്പോസ്റ്റലേറ്റ്
28. ബൈബിൾ അപ്പോസ്റ്റലേറ്റ്
30. നൈപുണ്യ ഇന്റർനാഷണൽ
32. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
32. AICO
33. അതിരൂപതാ സി.എൽ.സി.
38. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Palakkal Kuriakose, Pallipuram | 1858 | 1887 | 2-8-1916 |
| Fr. Manadan Gervasis, Alangad | 1882 | 1875 | 2-8-1930 |
| Fr. Parackal George, Narakkal | 1922 | 1951 | 2-8-1997 |
| Msgr. Kavalakkatt Varghese, Kadukutty | 1910 | 1936 | 3-8-1994 |
| Fr. Parathiparambil Thomas, Muttom | 1942 | 1968 | 4-8-1994 |
| Fr. Palathunkal Thomas, Udayanapuram | 1897 | 1921 | 9-8-1969 |
| Fr. Thekkinedath Varghese, N. Parur | | 1921 | 10-8-1933 |
| Fr. Elavumkudy Paul, Aimury | 1922 | 1953 | 10-8-2007 |
| Msgr. Panikulam Joseph, N. Parur | 1908 | 1933 | 11-8-1993 |
| Fr. Pazhemadom Mathew, Vallakom | 1924 | 1953 | 11-8-2012 |
| Fr. Mulakal Gheevarghese, Thycattussery | 1861 | 1887 | 12-8-1932 |
| Fr. Pudissery Varghese, Valluvally | 1934 | 1964 | 13-8-2003 |
| Msgr. Vadakumchery Paul, Alangad | 1901 | 1931 | 15-8-1978 |
| Fr. Puthussery Joseph (M), Mattoor | 1936 | 1966 | 15-8-2024 |
| Fr. Kammattil Mathew, Vaikom | 1918 | 1945 | 16-8-1972 |
| Fr. Kottoor Kuriakose, Kandanad | 1890 | 1919 | 18-8-1966 |
| Fr. Veliyilparambil John, Muttom | 1920 | 1949 | 18-8-1990 |
| Fr. Nettikadan Thomas, Meloor | 1927 | 1955 | 21-8-1985 |
| Msgr. Madambhagath Bernard, Valamangalam | | | 22-8-1923 |
| Fr. Mampilly Jacob, Narakkal | 1924 | 1951 | 22-8-2004 |
| Fr. Chiramel Joseph, Manjapra | 1889 | 1917 | 23-8-1970 |
| Fr. Chully Joseph, Vallom | | | 24-8-1964 |
| Fr. Mannassery Cyriac, Valamangalam | 1934 | 1961 | 24-8-1990 |
| Fr. Elamkuttuchira Jacob, Vaikom | 1929 | 1958 | 24-8-1991 |
| Fr. Thachil Joseph, Angamaly | 1939 | 1964 | 25-8-1989 |
| Fr. Nettikadan Thomas, Meloor | 1882 | 1909 | 28-8-1944 |
| Fr. Mampilly John, N. Parur | 1897 | 1929 | 28-8-1989 |
| Fr. Joseph Koilparambil, Pallippuram | 1928 | 1994 | 28-8-2018 |
| Fr. Vadakumchery Louis, Manjapra | 1920 | 1947 | 29-8-2009 |

**സർക്കുലർ: 4/2025**

***വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4-നുശേഷം വരുന്ന ഞായറാഴ്ച എറണാകുളം-അങ്കമാലി അതിരൂപത ദൈവവിളി ദിനമായി ആചരിക്കുന്നു. ഇതോടനുബന്ധിച്ച് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് നൽകുന്ന സന്ദേശം.***

മിശിഹായിൽ പ്രിയപ്പെട്ടവരെ,

ദൈവത്തോടൊത്തുള്ള സന്തോഷം നിറഞ്ഞ ഒരു ജീവിതത്തിലേക്കാണ് എല്ലാ മനുഷ്യരെയും ദൈവം വിളിച്ചിരിക്കുന്നത്. സകല മനുഷ്യർക്കുമുള്ള ഈ ദിവ്യ ക്ഷണം ക്രൈസ്തവരായ നമുക്ക് ലഭിക്കുന്നത് പൗരോഹിത്യ-സന്യാസ ജീവിതത്തിലേക്കും, കുടുംബജീവിതത്തിലേക്കും, ഏകസ്ഥ ജീവിതത്തിലേക്കും നൽകപ്പെടുന്ന വ്യക്തിപരമായ ഉൾവിളിയിലൂടെയാണ്. ഈ മൂന്ന് ജീവിതാന്തസ്സുകളിലേക്കും ഓരോരുത്തരെയും വിളിക്കുന്നത് ദൈവം തന്നെയാണെങ്കിലും, 'ദൈവവിളി' എന്ന് പറയുമ്പോൾ നമ്മൾ സാധാരണയായി ഉദ്ദേശിക്കുന്നത് പൗരോഹിത്യ-സന്യാസ ജീവിതത്തിലേക്കുള്ള തിരഞ്ഞെടുപ്പിനെയാണ്. അതിരൂപത ദൈവവിളി ദിനമായ ഇന്ന് പൗരോഹിത്യ-സന്യാസ ദൈവവിളിയെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

ഈശോയോടൊപ്പം ജീവിച്ചുകൊണ്ട് ഈശോയുടെ ശുശ്രൂഷയിൽ പങ്കുചേരാനാണ് പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും ഒരാളെ ദൈവം വിളിക്കുന്നത്. ഈ വിളി ശ്രവിക്കാനും സ്വീകരിക്കാനും നമ്മുടെ മക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ കുടുംബത്തിനും ഇടവകക്കും പ്രത്യേക കടമയുണ്ട്. പത്താം ക്ലാസ് പഠനമാണ് സെമിനാരിയിലോ മഠത്തിലോ ചേരാനുള്ള അടിസ്ഥാന യോഗ്യത. പ്ലസ് ടു പഠനത്തിനു ശേഷവും ബിരുദ-ബിരുദാനന്തര ഉപരിപഠനങ്ങൾക്ക് ശേഷവും ദൈവവിളി തിരിച്ചറിയുന്നവരുടെ എണ്ണം കൂടി വരുന്നുണ്ട്.

'എനിക്ക് ഒരു അച്ചനാകണം,' 'എനിക്ക് ഒരു സിസ്റ്ററാകണം' എന്നൊക്കെ ഒരു കുട്ടിക്ക് തോന്നിയാൽ, അത് ദൈവവിളിയുടെ ലക്ഷണമാകാം. ചിലപ്പോൾ, വികാരിയച്ചനോ സന്യാസിനിമാരോ അധ്യാപകരോ മാതാപിതാക്കളോ ഒരു കുട്ടിയോട് പറയുന്നു: 'നീയൊരു വൈദികനാകാനുള്ള സാധ്യതയുണ്ട്,' 'നീയൊരു സിസ്റ്ററാകാനുള്ള സാധ്യതയുണ്ട്'. ഇതും ദൈവവിളിയുടെ സൂചനയാകാം. പൗരോഹിത്യ-സന്യാസ ജീവിതത്തോട് താത്പര്യമുള്ളവരെയും, ആ ജീവിതാന്തസിന് യോഗ്യരെന്നു തോന്നുന്നവരെയും പ്രോത്സാഹിപ്പിക്കുകയെന്നത് നമ്മുടെ എല്ലാവരുടെയും കടമയാണ്. 'കർത്താവാണ് ബാലനെ വിളിച്ചത്' എന്ന് മനസ്സിലാക്കി, 'കർത്താവേ, അരുൾ ചെയ്താലും അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു' എന്നു പറയാൻ

ബാലനായ സാമുവേലിനെ പഠിപ്പിച്ച പുരോഹിതനായ ഏലിയെപ്പോലെ (1 സാമു 3:9) നാമോരോരുത്തരും നമ്മുടെ കടമ നിർവഹിക്കണം.

ഇടവകയാകുന്ന വയലിൽ ദൈവവിളികളാകുന്ന നിധികൾ ഒളിഞ്ഞു കിടപ്പുണ്ട്. ആ ദൈവവിളികൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും നമുക്ക് സാധിക്കണം. പലപ്പോഴും അച്ചനാകാനോ സിസ്റ്ററാകാനോ തനിക്കുള്ള ആഗ്രഹം കുട്ടികൾ തുറന്നു പറയണമെന്നില്ല. ഇക്കാര്യത്തിൽ ചിലർക്ക് മടിയും നാണവും ഭയവും ഉണ്ടാവുക സ്വാഭാവികമാണ്. ദൈവവിളിയുടെ സാധ്യത കണ്ടെത്താനും കുട്ടികളെ അതിനായി പ്രചോദിപ്പിക്കാനും, വികാരിയച്ചൻവഴി അതിരൂപത ദൈവവിളി പ്രോത്സാഹന വിഭാഗവുമായി (ഡിപ്പാർട്ട്മെന്റ് ഓഫ് വോക്കേഷൻ പ്രൊമോഷൻ) അവരെ ബന്ധപ്പെടുത്താനും നമ്മൾ ശ്രദ്ധിക്കണം.

ദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സമീപ കാലത്ത് സംഭവിച്ചിട്ടുണ്ട് എന്നത് സത്യമാണ്. എന്നിരുന്നാലും, തൃക്കാക്കരയിലുള്ള നമ്മുടെ അതിരൂപതാ മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി 132 ബ്രദേഴ്സ് നമ്മുടെ അതിരൂപതയ്ക്ക് വേണ്ടി വൈദീകപരിശീലനം നേടുന്നുണ്ട്. അതോടൊപ്പം, വിവിധ സന്യാസസഭകളുടെ പരിശീലന കേന്ദ്രങ്ങളിലും നമ്മുടെ അതിരൂപതയുടെ ധാരാളം മക്കൾ സന്യാസത്തിനും പൗരോഹിത്യത്തിനും ഒരുങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളത് സന്തോഷം നൽകുന്ന കാര്യമാണ്.

പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും നമ്മുടെ മക്കളെ വിളിക്കണമേയെന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം, ദൈവവിളികൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും, താല്പര്യമുള്ള കുട്ടികളെ അതിനായി ഒരുക്കാനും നമ്മൾ ശ്രമിക്കണം. ദൈവവിളി പ്രോത്സാഹനത്തിനായി ക്യാമ്പുകളും ക്ലാസ്സുകളും ഇടവക കേന്ദ്രീകരിച്ചുള്ള പ്രോഗ്രാമുകളും നമ്മുടെ അതിരൂപതയിൽ നടക്കുന്നുണ്ട്. അവയിൽ പങ്കുചേരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും, പ്രത്യേകിച്ച്, അവധിക്കാലങ്ങളിൽ നടക്കുന്ന ദൈവവിളി ക്യാമ്പുകളിലേക്ക് താല്പര്യമുള്ള കുട്ടികളെ പറഞ്ഞു വിടുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്.

ഇന്ന് കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറവായതുകൊണ്ട്, സെമിനാരിയിൽ ചേരാനോ മഠത്തിൽ ചേരാനോ താൽപര്യം പറയുന്ന കുട്ടികളെ മാതാപിതാക്കൾതന്നെ നിരുത്സാഹപ്പെടുത്തുന്ന സാഹചര്യമുണ്ട്. അതോടൊപ്പം, സഭയിലും സമൂഹത്തിലുമുള്ള പ്രശ്നങ്ങളുടെ പേരിലും ദൈവവിളി സ്വീകരിക്കുന്നതിൽനിന്ന് കുട്ടികളെ പിന്തിരിപ്പിക്കാൻ മാതാപിതാക്കളും ബന്ധുക്കളും ശ്രമിക്കുന്നതായി കണ്ടിട്ടുണ്ട്. പ്രതിസന്ധികളെയും പ്രശ്നങ്ങളെയും വിലയിരുത്തി നമ്മുടെ മക്കൾക്ക് ലഭിക്കുന്ന ദൈവവിളിയെ ഒരിക്കലും നിരുത്സാഹപ്പെടുത്തരുത്. പ്രതികൂല സാഹചര്യങ്ങൾക്ക് നടുവിലും ദൈവവിളിയോട് വിശ്വസ്തത പുലർത്തി വിശുദ്ധിയോടെ ജീവിക്കുന്ന

അനേകം വൈദികരും സന്യസ്ഥരും സഭയിൽ ഉണ്ടെന്ന സത്യം നമ്മൾ മറക്കുകയും ചെയ്യരുത്.

ഈശോ എല്ലാവരെയും ചേർത്തു നിർത്തി. തന്നെ സമീപിച്ചവർക്കെല്ലാം സൗഖ്യവും സ്നേഹവും സന്തോഷവും സമാധാനവും നൽകി. തന്റെ ശരീരവും രക്തവും വഴി ലോകത്തിന് രക്ഷ നൽകുകയും മനുഷ്യകുലത്തിന് ദൈവരാജ്യത്തിലേക്ക് ഉള്ള വഴി തുറക്കുകയും ചെയ്തു. ഈ രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാനും ജീവിക്കാനും, അതുവഴി മുറിവേറ്റ ഹൃദയങ്ങളിലേക്ക് സൗഖ്യവും സ്നേഹവും സന്തോഷവും സമാധാനവും ഒഴുക്കുവാനും ഈശോയ്ക്ക് പുരോഹിതരെയും സന്യസ്ഥരെയും ആവശ്യമുണ്ട്. ഈശോയുടെ വിളിയോട് നമ്മുടെ മക്കൾ പ്രത്യുത്തരിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം, അവരെ പ്രോത്സാഹിപ്പിക്കാം.

അതിരൂപതാ ദൈവവിളി ദിനമായ ഇന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സിസ്റ്റേഴ്സും വിശ്വാസ പരിശീലകരും, വളരെ പ്രത്യേകമായി, ഒരു കാര്യം ചെയ്യണം. കുർബാന കഴിയുമ്പോഴോ വിശ്വാസ പരിശീലന ക്ലാസുകളിൽവച്ചോ കുടുംബയൂണിറ്റുകളിൽവച്ചോ വൈദികരാകാനും സിസ്റ്റേഴ്സ് ആകാനും താല്പര്യമുള്ളവർ ആരെല്ലാം എന്ന് കുട്ടികളോട് ചോദിക്കണം, അവരുടെ പേരുകൾ ശേഖരിക്കണം. ആ പേരുകൾ വികാരിയച്ചൻ വഴി അതിരൂപത വൊക്കേഷൻ പ്രമോട്ടറെ അറിയിക്കുന്നത് ഉചിതമായിരിക്കും. ദൈവവിളിയിൽ താല്പര്യമുള്ള കുട്ടികളെ മാസത്തിലൊരിക്കൽ വിശ്വാസ പരിശീലനത്തിന് ശേഷം ഒരുമിച്ചുകൂട്ടി നല്ല നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം. അതുപോലെതന്നെ, ആരാകാനാണ് ആഗ്രഹം എന്ന് മാതാപിതാക്കളും മക്കളോട് ചോദിക്കണം. അച്ചനാകാനും സിസ്റ്ററാകാനും ആഗ്രഹമുള്ള മക്കളെ തീർച്ചയായും പ്രോത്സാഹിപ്പിക്കണം.

'ഈശോ നിന്നെ വിളിക്കുന്നു' (മർക്കോ 10:49, യോഹ 11:28) എന്ന കാര്യം ഒരാളെ അറിയിക്കുകയും, ഈശോയെ കണ്ടുമുട്ടാൻ അയാളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നതിനേക്കാൾ മനോഹരമായ മറ്റെന്താണ് ഒരാൾക്കായി നമുക്ക് ചെയ്യാൻ കഴിയുന്നത്! ദൈവവിളികൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം.

മിശിഹായുടെ സ്നേഹത്തിൽ ഏവരേയും ആശീർവദിക്കുന്നു.

**✠ ആർച്ചുബിഷപ് ജോസഫ് പാംപ്ലാനി**
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള
മേജർ ആർച്ചുബിഷപ്പിന്റെ വികാരി

..............................

ഈ സർക്കുലർ 2025 ആഗസ്റ്റ് 10-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

No: 4120/K-5/KCBC/OL/DS 16-07-2025

# തടവറ പ്രേഷിത ഞായർ

**10 ഓഗസ്റ്റ് 2025**

**വീണുപോയ മനുഷ്യർക്ക് പ്രാർഥനയുടെ ചിറകിൽ പറന്നുയരാം**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കാൻ വന്ന കർത്താവായ ഈശോ മിശിഹായുടെ (ലൂക്കാ 19 :10) കൃപയും കരുണയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ. കത്തോലിക്കാസഭ തടവറ പ്രേഷിത ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ ആപ്തവാക്യം – "വീണുപോയ മനുഷ്യർക്ക് പ്രാർഥനയുടെ ചിറകിൽ പറന്നുയരാം", എന്നത് ദൈവകൃപയാലും സഭയുടെ കരുണാർദ്രമായ പിൻബലത്താലും എപ്പോഴും നവീകരണം സാധ്യമാണ് എന്ന കാര്യം നമ്മെ ഓർമിപ്പിക്കുന്നു. മാപ്പേകാൻ വിസമ്മതിക്കുകയും അതേസമയം കുറ്റംവിധിക്കാൻ ധൃതികൂട്ടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്ത് മറ്റൊരു വലിയ സത്യത്തിലേക്കു സുവിശേഷം നമ്മെ ക്ഷണിക്കുന്നു: ഓരോ മനുഷ്യവ്യക്തിയും, എത്ര വലിയ താഴ്ചയിലേക്ക് വീണാലും, ദൈവത്തിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവനും നമ്മുടെ പ്രാർഥനവഴി അവിടത്തെ കരുണ ലഭിച്ചു രൂപാന്തരപ്പെടാൻ സാധ്യതയുള്ളവനുമാണ്. ദൈവത്തിനും വീണ്ടെടുക്കാൻ കഴിയാത്തവരായി ആരുമില്ല.

**വീണ്ടെടുപ്പിനായുള്ള വിളി**

വീണുപോയവരോടുള്ള ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം വിശുദ്ധലിഖിതത്തിന്റെ ആരംഭം മുതൽ നാം കാണുന്നു. ആദവും ഹവ്വയും വീണുപോയെങ്കിൽപ്പോലും ഉപേക്ഷിക്കപ്പെട്ടില്ല. ദാവീദ് രാജാവ് വലിയ പാപത്തിൽ വീണുപോയിരുന്നെങ്കിലും അനുതപിക്കുകയും ദൈവത്തിന്റെ ഹൃദയത്തിനു ചേർന്ന വ്യക്തിയായി മാറുകയും ചെയ്തു. ഒരിക്കൽ സഭയെ പീഡിപ്പിച്ചിരുന്ന പൗലോസ് ജനതകളുടെ അപ്പോസ്തലനായി മാറി. ധൂർത്തപുത്രന് മാപ്പ് ലഭിച്ചെന്നു മാത്രമല്ല, അവന്റെ തിരിച്ചുവരവ് ആഘോഷിക്കപ്പെടുകയും ചെയ്തു. ഇവയെല്ലാം കേവലം ഭൂതകാല കഥകൾ അല്ല. വിശ്വാസവും അനുതാപവും ഉള്ളപ്പോൾ ഒരു വീഴ്ചയും അതിൽതന്നെ അന്ത്യമല്ല; മറിച്ച്, തിരിച്ചുവരവിലേയ്ക്കും ഉയർപ്പിലേയ്ക്കുമുള്ള സാധ്യതയാണ്. എസക്കിയേൽ പ്രവാചകൻവഴി ദൈവം പറയുന്നതുപോലെ, ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം (33:11).

**ക്രിസ്തു: കരുണാമയനും വീണ്ടെടുക്കുന്നവനും**

യേശു തന്റെ പരസ്യജീവിതത്തിൽ എല്ലാവരെയും തന്നോട് ചേർത്തുപിടിച്ചു. അനുതപിച്ച കള്ളനോട് മാപ്പു നൽകികൊണ്ട് അവിടുന്ന് പറഞ്ഞു: നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ. 23:43). അവിടന്ന്

ചുങ്കക്കാരോടൊത്തു വിരുന്നിനിരുന്നു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവർക്കു മാപ്പുകൊടുത്തു, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി. നഷ്ടപ്പെട്ട നാണയത്തിന്റെയും നഷ്ടപ്പെട്ട ആടിന്റെയും നഷ്ടപ്പെട്ട പുത്രന്റെയും ഉപമകളിലൂടെ അവിടന്ന് പിതാവിന്റെ ഹൃദയം വെളിപ്പെടുത്തി: മനസാന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ 15:7) എന്ന് അവിടന്നു പ്രസ്താവിച്ചു. ക്രിസ്തുവിന്റെ ദൗത്യം, അന്നും ഇന്നും, എന്നും നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി രക്ഷപ്പെടുത്തുക എന്നതാണ് (ലൂക്കാ 19:10).

### സഭ: വീണു പോകുന്നവരുടെ മാതാവ്

ക്രിസ്തുവിന്റെ ശരീരം എന്ന നിലയ്ക്ക് അവന്റെതന്നെ കരുണയുടെ ദൗത്യമാണ് സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. ആരെയും കുറ്റംവിധിക്കാനല്ല അവൾ നിലകൊള്ളുന്നത്; മറിച്ച്, സ്വാഗതം ചെയ്യാനും സുഖപ്പെടുത്താനും സമൂഹത്തിൽ തിരസ്കൃതരും വീണുപോയവരും ആയവരെ പുനരുജ്ജീവിപ്പിക്കാനുമാണ്. അനുരഞ്ജനകൂദാശവഴി ആത്മാക്കൾ നവീകരിക്കപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണംവഴി മുറിവേൽപ്പിക്കപ്പെട്ട ജീവിതങ്ങൾ ബലപ്പെടുത്തപ്പെടുന്നു. സഭ ക്ഷണിക്കപ്പെട്ടിരിക്കുന്നത് മാപ്പും മോചനവും നൽകാൻവേണ്ടി മാത്രമല്ല അതോടൊപ്പം സുഖപ്പെടുത്താനും അനുഗമനം ചെയ്യാനും വേണ്ടിയാണ്. ഒരു അമ്മയെപ്പോലെ അവൾ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും പ്രത്യാശപകരുകയും ചെയ്യുന്നു; അത് അഴികൾക്കുള്ളിലുള്ള ആളുകൾക്കുവേണ്ടിയും സഭ ചെയ്യുന്നു. പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്ന് ഏശയ്യാ പ്രവാചകൻ വഴി അരുൾചെയ്യപ്പെട്ട വചനത്തിന്റെ ചൈതന്യത്തിലാണ് (ഏശ 49:15) പ്രിസൺ മിനിസ്ട്രി ഇന്ത്യ (PMI) അഴികൾക്കുപിന്നിലുള്ള സഹോദരീസഹോദരന്മാരുടെ പക്കലേക്കു സഭയുടെ കരുണാർദ്ര ഭാവത്തോടെ തിരിയുന്നത്.

### പ്രിസൺ മിനിസ്ട്രി ഇന്ത്യ: സുവിശേഷം പ്രവർത്തനപന്ഥാവിൽ

1981 ഡിസംബർ എട്ടാം തീയതി കോട്ടയത്തെ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ രണ്ടു വൈദിക വിദ്യാർഥികളാൽ ആരംഭിച്ച പ്രിസൺ മിനിസ്ട്രി ഇന്ത്യ നമ്മുടെ നാട്ടിൽ ദൈവിക കരുണയുടെ ദീപനാളം ആണ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സന്നദ്ധപ്രവർത്തകർ തടവറകളിൽ പ്രവേശിക്കുന്നത് ആരെയും വിധിച്ചുകൊണ്ടല്ല, മറിച്ച് അനുകമ്പയോടെയാണ്. അവർ അവിടത്തെ അന്തേവാസികളോടൊത്തു പ്രാർഥിക്കുകയും, അവർക്ക് കൗൺസിലിംഗ് നൽകുകയും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുന്നു. മാത്രമല്ല, അവർ ജയിൽ മോചിതരായശേഷം അവർക്ക് ആവശ്യമായ അനുഗമനം നല്കി പുനഃരധിവസിപ്പിക്കുവാൻ ശ്രമിക്കുന്നു. ശിക്ഷകഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ എങ്ങോട്ട് പോകണമെന്ന് അറിയാത്തവരെ PMI പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിക്കുകയും അവർക്ക് ജോലി സാധ്യതകൾ ഒരുക്കുകയും മുറിവേറ്റ ജീവിതങ്ങളെ സുഖപ്പെടുത്തുകയും

ചെയ്യുന്നു. ഞാൻ കാരാഗ്രഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു (മത്താ 25:36) എന്ന ക്രിസ്തുവചനം അപ്രകാരം അന്വർഥമാക്കുന്നു.

## പ്രാർഥനയുടെ ചിറകുകളിൽ

തടവുകാരെ പുനഃരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർഥനയും ഉപവാസവും അടിസ്ഥാന ഘടകങ്ങളാണ്. പ്രാർഥനവഴിയാണ് ഹൃദയങ്ങൾ മൃദുലമാക്കപ്പെടുന്നതും മനസ്സാക്ഷി ഉണർത്തപ്പെടുന്നതും കൃപ സ്വീകരിക്കപ്പെടുന്നതും. ബംഗളൂരുവിലുള്ള നാഷണൽ ഓഫീസിനോട് ചേർന്ന് PMI യുടെ ഒരു പ്രാർഥനാഗോപുരം (prayer tower) ഉണ്ട്; ലോകം മുഴുവനുമുള്ള തടവുകാർക്കുവേണ്ടി ദിവ്യകാരുണ്യസവിധേ അവിടെ സന്നദ്ധപ്രവർത്തകർ നിരന്തരം മധ്യസ്ഥപ്രാർഥന നടത്തുന്നു. ഈ അഖണ്ഡ മധ്യസ്ഥപ്രാർഥനയിൽ (Incessant Intercessary Invocation) ഓൺലൈൻ ആയിട്ടോ ആത്മീയമായിട്ടോ പങ്കുചേരാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു. അഖണ്ഡ ഉപവാസം, അഖണ്ഡ ദിവ്യബലി, അഖണ്ഡ ജപമാല, അഖണ്ഡ കരുണക്കൊന്ത എന്നിവ PMI സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ നിത്യേനയുള്ള പ്രാർഥനയും അധ്യാത്മിക ശുശ്രൂഷകളും തടവുകാരെ, ഏറെ പ്രത്യേകിച്ച് ഭീകര പ്രവർത്തകർ, മനുഷ്യക്കടത്തുകാർ തുടങ്ങിയവരെ, കൃപയിലേക്ക് ഉയർത്തുന്ന യഥാർഥ ചിറകുകളായി പരിണമിക്കും.

## തടവറ ശുശ്രൂഷവഴിയുള്ള രൂപാന്തരം

ഒരുകാലത്ത് നിരന്തരം കളവു ചെയ്തുകൊണ്ടിരുന്ന രാജേഷിന്റെ (പേര് സാങ്കൽപ്പികം) കഥ ഞാൻ നിങ്ങളോടു പങ്കുവയ്ക്കാം. കുടുംബവും സമൂഹവും തിരസ്കരിച്ച അയാളെ തടവറ ശുശ്രൂഷയുടെ സന്നദ്ധ പ്രവർത്തകർ ജയിലിൽ കണ്ടുമുട്ടി. പ്രാർഥനയും വചനവായനയും ശുശ്രൂഷകരുടെ പിൻബലവും വഴിയായി അയാൾക്ക് ആഴത്തിലുള്ള മാനസാന്തരാനുഭവം ഉണ്ടായി. തന്റെ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്താനും തന്റെ അമ്മയുമായി രമ്യതപ്പെടാനും പുതിയൊരു ജീവിതശൈലി സ്വീകരിക്കാനും PMI അയാളെ സഹായിച്ചു. ഇന്ന് അയാൾ ഒരു നല്ല പിതാവാണ്; ഇടവകയിലെ സന്നദ്ധപ്രവർത്തകനും ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ സജീവസാക്ഷിയുമായി പ്രശോഭിക്കുന്നു.

## ഇന്ത്യയിലെ സഭയുടെ വിളി

നമ്മുടെ ഓരോ ഇടവകയും സന്യാസസമൂഹവും പ്രാർഥനാകൂട്ടായ്മയും കുടുംബവും ദൈനംദിനം തടവറകളിൽ ആയിരിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കണം, പ്രത്യേകിച്ച് മധ്യസ്ഥപ്രാർഥനവഴിയും ജപമാല വഴിയുമുള്ള പിൻബലം അനിവാര്യമാണ്. പ്രാർഥന, സംഭാവന, സന്നദ്ധപ്രവർത്തനം, പങ്കുവെക്കൽ എന്നിവയിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഒരുകാലത്ത് തടവറയിലായിരുന്നവരെ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യാനും അവരുടെ മാഹാത്മ്യം അംഗീകരിക്കാനും അവരോട് അനുകമ്പയോടെ പെരുമാറാനും നാം തയ്യാറാകണം. തടവറയിൽ ആയിരിക്കുന്നവരുടെ കുടുംബങ്ങൾക്കു സഹായം എത്തിച്ചുകൊടുക്കാൻ

നമ്മൾ ശ്രമിക്കണം; കാരണം അവരെല്ലാവരും ക്രിസ്തുവിൽ നമ്മുടെ സഹോദരീസഹോദരന്മാരാണ്.

തടവറ പ്രേഷിത ഞായർ ആചരണം വിസ്മരിക്കപ്പെട്ടവരെ ശുശ്രൂഷിക്കാനും ശബ്ദമില്ലാത്തവരുടെ അഭിഭാഷകരാകാനും അഴികൾക്കുള്ളിലെ മനുഷ്യരോടു സദ്വാർത്ത അറിയിക്കാനും നമ്മെ കൂടുതൽ ധൈര്യപ്പെടുത്തട്ടെ. വിധി പറയുന്ന ഒരു കോടതിമുറിയല്ല സഭ, മറിച്ച് സുഖപ്പെടുത്തുന്ന ഒരു ആതുരാലയമാണ്. ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ 8:11) എന്ന ക്രിസ്തുവിന്റെ വചനം നമുക്ക് ഓർമിക്കാം.

**കൃതജ്ഞതയും ആശംസകളും**

സഹോദരമെത്രാന്മാരോടു ചേർന്നുനിന്നുകൊണ്ട്, എല്ലാ രൂപതകൾക്കും സന്യാസസഭ മേലധികാരികൾക്കും ഉപകാരികൾക്കും നിങ്ങളുടെ പ്രാർഥനയ്ക്കും ഉദാരമായ പിന്തുണയും അനുസ്മരിച്ചുകൊണ്ട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ നിർലോഭമായ സഹകരണം അഭ്യർത്ഥിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തടവറ പ്രേഷിത ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകരുടെ ദൗത്യം വളരെയേറെ ഞങ്ങൾ വിലമതിക്കുന്നു; തടവറയിൽ ആയിരുന്നവരെ പുനഃരധിവസിപ്പിക്കുക എന്നതാണ് ഏറ്റവും വെല്ലുവിളിനിറഞ്ഞ, ശ്രമകരമായ പ്രവൃത്തി. പ്രിസൺ മിനിസ്ട്രിയുടെ സ്വർഗീയ മധ്യസ്ഥരായ വിശുദ്ധ മാക്സ് മില്യൻ കോൾബേ, ധന്യൻ ഫ്രാൻസിസ് സേവ്യർ വാൻ തൂവാൻ എന്നിവരുടെ പ്രാർത്ഥനകൾ നമുക്കു യാചിക്കാം. നമ്മുടെ മാതാവായ പരിശുദ്ധ കന്യകമറിയം എപ്പോഴും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ !

പൈതൃകാശിസ്സുകളോടെ,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ &
ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്** (വൈസ് ചെയർമാൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ** (വൈസ് ചെയർമാൻ)

.................................

N:B: ഈ സർക്കുലർ 2025 ആഗസ്റ്റ് 10-ാം തീയതി ദിവ്യബലി മദ്ധ്യേ എല്ലാ എല്ലാ ദേവാലയങ്ങളിലും വായിക്കുകയോ പ്രധാന ആശയങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യുമല്ലോ.

No: 4123/K-5/KCBC/OL/DS 21-07-2025

# ജസ്റ്റിസ് സൺഡേ (നീതിഞായർ) 2025 ആഗസ്റ്റ് 17

## കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,**

ഭാരതം സ്വതന്ത്രയായിട്ട് 78 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദലിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം ഇവർക്ക് നിഷേധിക്കപ്പെട്ടത്. 1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാസികളായ ദലിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ, 1956-ൽ സിക്ക് ദളിതരെയും, 1990-ൽ ബുദ്ധമത ദലിതരെയും ഈ പട്ടികയിൽ കൂട്ടിച്ചേർത്തു. തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും, അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, നാളിതുവരെയായി ഈ ആവശ്യം അധികാരികൾ അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും, ഉദ്യോഗ- വിദ്യാഭ്യാസ പ്രവേശനവും, വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ ഏകദേശം രണ്ട് കോടിയിൽപരം വിശ്വാസികളിൽ ഭൂരിപക്ഷവും ദലിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്. ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. ഇവരുടെ ന്യായമായ അവകാ

ശങ്ങൾ നേടിയെടുക്കുവാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും ആണ് നീതി ഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വാടകവീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടു കുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം ദലിത് ക്രൈസ്തവർക്ക് നിഷേധി ക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു കൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ക്വാട്ടയിലെയും കമ്മ്യൂണിറ്റി ക്വാട്ടയിലും ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കു കയില്ല. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണമാണ് വിദ്യാഭ്യാസ ത്തിന് ദലിത് ക്രൈസ്തവവിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസ ത്തിന് അവർക്ക് ലഭിക്കുന്ന സംവരണം ½% മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴില വസരങ്ങളിൽ ക്ലാസ് I-ൽ ഒരു ശതമാനവും ക്ലാസ് IV-ൽ രണ്ട് ശതമാനവും ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് I-ൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയി രിക്കുന്നത്. എന്നാൽ ഈ തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാൻ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും, കൂട്ടുകുടുംബവുമായി താമസിക്കുന്ന  ഭവനങ്ങളിലെ അംഗങ്ങൾക്ക് പ്രത്യേക ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ സഭാസ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കുവാൻ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടിവരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇത് പരിഹരിക്കപ്പെടുവാൻ പരിശ്രമം ആവശ്യവുമാണ്.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10' പ്രതിഷേധദിനമായും CBCI യുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 17' ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാ സഭയുടെ ദളിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്ക മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനം എല്ലാ രൂപതയിലും കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. സംഘടനയുടെ സപ്തതി വർഷം ഇപ്പോൾ (1905-2025) ആഘോഷിക്കുകയാണ്. **2024 -2025 അദ്ധ്യായന വർഷം** എസ്എസ്എൽസി (80%), പ്ലസ്ടു (70%), ഡിഗ്രി, പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈ വരിച്ചവർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. **അപേക്ഷകൾ ആഗസ്റ്റ് 30-ന് മുൻപ് സെക്രട്ടറി, കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 028** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദലിത് കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേ യോടനുബന്ധിച്ച് ഇടവക തലത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാ കേന്ദ്രങ്ങൾ വഴി സെപ്റ്റംബർ 30-നു കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവക/രൂപത തലത്തിൽ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസ്സുകളും സമ്മേളനങ്ങളും നടത്തി ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യം) ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ** (വൈസ് ചെയർമാൻ)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ** (വൈസ് ചെയർമാൻ)

................................
N:B: ഈ സർക്കുലർ 2025 ആഗസ്റ്റ് 17-ാം തീയതി ദിവ്യബലി മദ്ധ്യേ എല്ലാ എല്ലാ ദേവാലയങ്ങളിലും വായിക്കുകയോ പ്രധാന ആശയങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യുമല്ലോ.

## കച്ചേരിക്കാര്യം

C29C/293 ജൂലൈ 07, 2025

## പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്/സിഞ്ചെല്ലൂസ് ജോലി വിഭജനം

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണപരമായ കാര്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുവേണ്ടി നിയമിതരായിട്ടുള്ള വികാരി ജനറാൾമാരുടെ ചുമതലകൾ താഴെപറയും വിധം വിഭജിച്ച് നൽകിയിരിക്കുന്നു. എല്ലാ കാര്യങ്ങളും ഒരുമിച്ച് കച്ചേരിയിൽ ചർച്ച ചെയ്ത് തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

**ഫാ. ജോസ് പുതിയേടത്ത് - സിഞ്ചെല്ലൂസ്**

- പാരിഷ് & പാരിഷ് അഫയേഴ്സ്
- റിലീജിയസ് ഇൻ ചാർജ് (മെൻ & വിമെൻ)
- ഡിപ്പാർട്ടുമെന്റ്സ്
- അസോസ്സിയേഷൻസ്

**ഫാ. ആന്റോ ചേരാംതുരുത്തി - സിഞ്ചെല്ലൂസ്**

- പാസ്റ്ററൽ കോ-ഓർഡിനേറ്റർ
- ഡയറക്ടർ - AICO (Archdiocesan Institutions' Central Office)

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട് - പ്രൊ പ്രോട്ടോ സിഞ്ചെല്ലൂസ്**

- ജനറൽ അഫയേഴ്സ്
- വൈദികർ
- ഫോർമേഷൻ/വൈദിക വിദ്യാർത്ഥികൾ

**ആർച്ചുബിഷപ്പ് ജോസഫ് പാംപ്ലാനി**
*എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി*

---

18 July 2025

## Transfers and Appointments

The following priests are appointed/transferred. All appointments / transfers except those specifically mentioned otherwise, will come into effect on **26 July, 2025.**

1. Adayanthrath Martin (Jottin Jose) — Relieved - Mathanagar - Vicar (w.e.f. 12 July)

| | | |
|---|---|---|
| 2. | Alakkadan Peter | Naduvattom Asst. |
| 3. | Ambalathil James | Thirumudikkunnu Asst. |
| 4. | Appadan Antony (Akhil) | Panthakkal- Pro. Vicar & Naipunnya Public School, Edakkunnu - Asst. Executive Dir. (Addl.) |
| 5. | Chathanatt Shibu SMP | Nadel Asst. (w.e.f. August 14) |
| 6. | Chavalekkad Joseph Rojin | Koodalappad Asst. |
| 7. | Edassery Antony (Akhil) | Akapparambu Asst. & Study (MSW) |
| 8. | Edassery Antony (Ebin) | Poonithura Asst. |
| 9. | Edassery Jose | Mathanagar - Vicar & Mathanagar School – Manager (w.e.f. 12 July) |
| 10. | Injacka Palatty Joseph (Berlin) | Kidangoor Asst. |
| 11. | Kalappurackal Sany (Aljo) | Thalayolaparambu Asst. |
| 12. | Kaliyankara Varghese (Alan) | Kokkunnu Asst. |
| 13. | Kallookadan Michael (Bagio) | Pallippuram Asst. |
| 14. | Kaniamparambil Joseph | Judge, Metropolitan Tribunal (Addl.) |
| 15. | Karedan Antony (Solomon) | Thuravoor North Asst. |
| 16. | Karikunnel Josepaul (Albin) | Cheranalloor East Asst. |
| 17. | Kattakkakathoottu Antony (Bony) | Edakkunnu Asst. |
| 18. | Kattayil Mathew (Denny) | Gurukulam – Spiritual Director & Defender of Bond, Metropolitan Tribunal (Addl.) |
| 19. | Keezhathara Varghese (Alvin) | Puthenpally Asst. & Light of Truth - Associate Editor (Addl.) |
| 20. | Koikkara Varghese (Saneesh) | Asokapuram Asst. & Naipunnya Public School Kochi - Asst. Exe. Director (Addl.) |
| 21. | Koovely Varghese (Sujith) | Kizhakkambalam Asst. |
| 22. | Kottoor Jose (Freddy) | Prasadagiri - Vicar |
| 23. | Kumpail Vakkachan (Varghese) | Chittor, Snehasusrushalayam - Joint Director |
| 24. | Kunnekkadan Joseph (Cyril) | Ayathupady Asst. |
| 25. | Kurisingal Mathew (Jeril) | Aluva Asst. |

| | |
|---|---|
| 26. Kuriyedan Joseph (Lijo) | Koratty Asst. |
| 27. Madavanakad Joseph (Jomon) | S.H. Minor Seminary - Spiritual Director |
| 28. Madathil Joseph (Christy) | Kunnappillissery - Vicar |
| 29. Madavana Devassykutty (Sherin) | Angamaly Asst. |
| 30. Malamel Antony (Nikhil) | Mookkannoor Asst. |
| 31. Maliakal Varkey (Athul) | Kuttipuzha Asst. |
| 32. Maliyekkal Antony (Tony) | Angamaly (Resident), Study (MBA) |
| 33. Mampuzhakal James (Sachin) | Muttom Asst. |
| 34. Manickathan Varghese (Dinto) | Muringoor Asst. |
| 35. Manikathan Devassy | Edakkunnu - St. Paul's Priest Home - Retired (w.e.f. 09 July) |
| 36. Manikathan George | Karippassery - Priest-in-charge (w.e.f. 15 July) |
| 37. Mavely Poulose (Gifin) | Vallam Asst. |
| 38. Mechery Joseph | Vaikom Asst. |
| 39. Melappelly Joseph (Marshel) | SAFP (Canada) (w.e.f. 14 July) |
| 40. Menachery Varghese (Akhil) | Palluruthy Asst. & Mar Louis Publications - Asst. Manager (Addl.) |
| 41. Moolan Antony (Delvin) | Mattoor Asst. |
| 42. Mulavarickal Joseph (Don) | Ernakulam, Basilica - Asst. & Archdiocesan Inernet Mission - Co-ordinator (Addl.) |
| 43. Mulavarickal Ouseph (Nikhil) | Chunangamvely Asst. |
| 44. Mulavarickal Varghese (Bibin) | Chittoor St. Thomas Chapel - Chaplain & Viani Printings - Asst. Manager (Addl.) |
| 45. Mulavarickal Varghese (Vinu) | Muttom Asst. |
| 46. Naduvathusery Antony | Malayattoor-Kurisummudy - Spiritual Director |
| 47. Njanakkal Joseph (Jins) | Manjapra Asst. |
| 48. Njavarakkattu Augustine (Jithin) | Narakkal Asst. |
| 49. Odanattu Raphael (Amal) | Koratty Asst. continues (Study MHA) |

| | | |
|---|---|---|
| 50. | Padayatty Antony (Nikhil) | Dept. of Catechesis - Asst. Director |
| 51. | Palachuvattil Cyril (Jence) | Chittoor, Snehasusrushalayam – Assistant Director & Sathyadeepam Associate Editor (Addl.) |
| 52. | Palackal John (Cyril) | Paravur-Kottakavu Asst. |
| 53. | Pallippattu Paul (Nikhil) | Ernakulam, Basilica - Asst. |
| 54. | Panatt Xavier (Binoy) | Konthuruthy Asst. & Sathyadeepam Online - Co-Ordinator, Digital Archives (Addl.) |
| 55. | Parecattil Yohanan | Ezhupunna Asst. |
| 56. | Pathadan Joseph (Bibin) | Njalookara - Vicar (w.e.f. 09 July) & Subodhana – Director (Addl.) |
| 57. | Periyappadan Augustine (Amal) | Kanjoor Asst. |
| 58. | Puthussery Raphael (Rince) | Kanjoor Asst. |
| 59. | Puthussery Varghese (Able) | Karukutty Asst. |
| 60. | Thadikkaren Thomas (Tom Leo) | Kalady Asst. |
| 61. | Thanippilly Antony | Edappally Asst. |
| 62. | Thejus Alexis (Alex) | Elamkulam Asst. |
| 63. | Therully Thomas (Arun) | Koratty Asst. |
| 64. | Thettayil Jacob (Jeslin) | Meloor Asst. |
| 65. | Thyparambil Antony (John) | Alangad Asst. & Study (M.Ph) |
| 66. | Vadakkan Joseph (Jose) | Study (Canon Law), Bangalore |
| 67. | Vadakkumchery Paul (Lijoy) | Study (Canon Law), Bangalore |
| 68. | Valliyara Joseph (Stephin) | Pulluvazhy Asst. |
| 69. | Vattapparambil Antony | Executive Director - SAFP (India) (w.e.f. 14 July) |
| 70. | Vazhayil George (Tojo) | Elavoor St. Antony - Asst. |
| 71. | Vellanjiyil Antony (Albin) | Malayattoor Asst. |
| 72. | Vembilly Joseph | Aimury Asst. |
| 73. | Manjaly Sebastian (Sony) | Relieved - Kunnappillissery - Vicar |
| 74. | Pezhumthottathil Shibu Joseph ALCP/OSS. | Relieved - Prasadagiri -Vicar |

**✠ Archbishop Joseph Pamplany**
*Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly*

## വൈദിക ദിനാഘോഷം

വിയാനി പുണ്യവാളന്റെ തിരുനാളിനോടനുബന്ധിച്ച് **ആഗസ്റ്റ് 5, ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ** അതിരൂപതയിലെ എല്ലാ വൈദികരും ഒരുമിച്ച് കൂടുന്നു.

10.30-ന് ദിവ്യകാരുണ്യ ആരാധന, 11.00-ന് കൃതജ്ഞത സ്തോത്രം ആലപിച്ച് മീറ്റിംഗിലേക്ക് പ്രവേശിക്കുന്നു.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവും ജോസഫ് പാംപ്ലാനി പിതാവും സംബന്ധിക്കുന്ന യോഗത്തിൽ ഈ വർഷം പൗരോഹിത്യത്തിന്റെ 25, 50 വർഷം ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട വൈദികരെ പ്രത്യേകം ആദരിക്കുന്നു. നവ വൈദികരെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞവർഷം പൗരോഹിത്യ ശുശ്രൂഷയിൽ നിന്ന് ഔപചാരികമായ റിട്ടയർമെന്റ് എടുത്ത വന്ദ്യ വൈദികരെ നന്ദിയോടെ ഓർത്ത് ആദരമർപ്പിക്കുന്നു.

ഈ ആഘോഷങ്ങളിലേക്ക് അതിരൂപതാ വൈദികരേയും അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മറ്റെല്ലാ വൈദികരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഉച്ചഭക്ഷണത്തോടെ പരിപാടികൾ അവസാനിക്കുന്നതാണ്.

## വൈദികരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

തിരുക്കർമ്മങ്ങളുടെ ധർമ്മനിരക്കുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നേരത്തെ തന്നെ എറണാകുളം മിസ്സത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും, കൃത്യമായി എല്ലാ സ്ഥലത്തും അത് നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ പുതുക്കിയ കുർബാന ധർമ്മ നിരക്ക് **2025 ഓഗസ്റ്റ് മാസം 1-ാം** തീയതി മുതൽ എല്ലാ ഇടവകകളിലും മുൻകൂട്ടി അറിയിച്ച് നടപ്പിൽ വരുത്തേണ്ടതാണ്. പുതുക്കിയ ക്രമപ്രകാരം ഒറ്റ കുർബാനയ്ക്ക് 150 രൂപയും പാട്ടു കുർബാനയ്ക്ക് 250 രൂപയും ആണ് ധർമ്മം. ഇപ്പോൾ അച്ചന്മാരുടെ കൈവശമുള്ള പഴയ നിരക്കിലുള്ള കുർബാനകൾ 2025 ഓഗസ്റ്റ് 15 വരെ അരമനയിൽ സ്വീകരിക്കുന്നതാണ്.

വിശുദ്ധ കുർബാന ഒഴികെയുള്ള മറ്റ് കർമ്മങ്ങളുടെ ധർമ്മനിരക്കുകൾ അടുത്ത പ്രസ്ബിറ്ററൽ കൗൺസിലിനു ശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

# വൈദീകരുടെ വാർഷികധ്യാനം

## അഞ്ചാം ബാച്ച്

**ഓണ അവധി ദിവസങ്ങളിൽ പൊങ്ങം നൈപുണ്യ കോളേജിൽ**
**ആഗസ്റ്റ് 31 ഞായർ മുതൽ സെപ്റ്റംബർ 5 വെള്ളി വരെ**

സാധാരണയായി ഇടദിവസങ്ങളിൽ ക്ലാസ്സുകളും മറ്റും ഉള്ളവരുടെ സൗകര്യാർത്ഥം അഞ്ചാം ബാച്ച് ധ്യാനം ഓണ അവധിക്കാലത്ത് എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിലാണ് നടക്കാറുള്ളത്. ഈ വർഷം അത് സെപ്റ്റം. 14 – 19 തീയതികളിലാണ് നടക്കുന്നതെന്ന് ജൂൺ മാസത്തെ മിസ്സത്തിൽ അറിയിച്ചിരുന്നു. എന്നാൽ, ഇത് ഓണാവധിക്കുശേഷമായതിനാലും, പലർക്കും ഈ തീയതികളിൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ അസൗകര്യമുണ്ടെന്ന് അറിയിച്ചതിന്റെ വെളിച്ചത്തിലും **ആഗസ്റ്റ് 31 ഞായർ മുതൽ സെപ്റ്റംബർ 5 വെള്ളി വരെ പൊങ്ങം നൈപുണ്യ കോളേജിൽ വച്ച് അഞ്ചാം ബാച്ച് ധ്യാനം** സംഘടിപ്പിക്കുന്നു. ആയതിനാൽ, അഞ്ചാം ബാച്ചിലുള്ളവരും, ഇനിയും അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിക്കാത്ത എല്ലാവരും പ്രൈവറ്റ് ധ്യാനം ഒഴിവാക്കി ഇതിൽ പങ്കെടുക്കേണ്ടതാണ്. നിങ്ങളുടെ സാന്നിദ്ധ്യം **8592807759 (Bro. Jithin Kalappurackal)** എന്ന നമ്പറിൽ വിളിച്ചോ Whats app സന്ദേശം വഴിയോ ഉറപ്പുവരുത്തുമല്ലോ.

ധ്യാനം നയിക്കുന്നത്: **ഫാ. ഡോ. വിൻസെന്റ് കുണ്ടുകുളം**

എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിലെ ധ്യാനം അവിടത്തെ വൈദികർക്കും, മറ്റു പ്രീസ്റ്റ്സ് ഹോമുകളിൽനിന്ന് താല്പര്യമുള്ള വൈദികർക്കും മാത്രമായി ആറാം ബാച്ച് സെപ്റ്റം. 14 മുതൽ 19 വരെ തീയതികളിൽ നടക്കുന്നതാണ്. ഈ ധ്യാനത്തിൽ പുറമേനിന്ന് ആരേയും പ്രതീക്ഷിക്കുന്നില്ല.

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

---



# നിര്യാതയായി



**സിസ്റ്റർ വിജിലിയ CMC**

സെന്റ് മേരീസ് കോൺവെന്റ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 24-09-1934 |
| വ്രതവാഗ്ദാനം | : | 01-05-1957 |
| മരണം | : | 12-07-2025 |

# Dept. of Archdiocesan Public Relations

**EKM/PRO/2025/08** **11-07-2025**

## അറിയിപ്പ്

അതിരൂപതയിലെ വിവിധ ഇടവകകളിൽ പുതുതായി നിയമിതരായിരിക്കുന്ന ഏതാനും വൈദികർ കാനോനിക നടപടികൾ നേരിടുന്നവരാകയാൽ അയോഗ്യരാണെന്ന പ്രചാരണം ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിരൂപതയിലെ അജപാലന പ്രതിസന്ധികളുമായി ബന്ധപ്പെട്ടു കാനോനിക നടപടികൾ നേരിടുകയും ഇപ്പോൾ ഇടവകകളിൽ നിയമിക്കപ്പെടുകയും ചെയ്തിട്ടുള്ള എല്ലാവരേയും സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സഭാധികാരികൾ കാനോനികമായിത്തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനകളിൽനിന്ന് പിന്തിരിയണമെന്നും സംജാതമായ സമാധാനന്തരീക്ഷത്തോട് ഏവരും സഹകരിക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു

ഫാ. പോൾ മേലേടത്ത്
P.R.O.

---

**EKM/PRO/2025/09** **21-07-2025**

## പ്രസ്താവന

എറണാകുളം-അങ്കമാലി അതിരൂപതയിൽ സംജാതമായിരിക്കുന്ന സമാധാനാന്തരീക്ഷത്തിന് ഭംഗം വരുത്തുന്ന രീതിയിൽ ഉദയംപേരൂർ വി.ഗർവാസിസ്, പ്രോത്താസിസ് ഇടവക ദേവാലയത്തിൽ ജൂലൈ 20, ഞായറാഴ്ച സംഭവിച്ച കാര്യങ്ങൾ തികച്ചും അപലപനീയമാണ്.

സ്നേഹത്തിന്റേയും ശാന്തിയുടേയും ബലി സമാധാനാന്തരീക്ഷത്തിൽ മാത്രം അർപ്പിക്കപ്പെടേണ്ടതാണെന്ന സത്യം ആരും വിസ്മരിക്കരുത്. ഇതിന് വിരുദ്ധമായി ഏവർക്കും ദുർമാതൃകയും എല്ലാ സഭാമക്കൾക്കും ദുഃഖമുളവാക്കുന്നതുമായ കാര്യങ്ങളാണ് ഞായറാഴ്ച കുർബ്ബാനയ്ക്കിടെ അവിടെ സംഭവിച്ചത്.

ഏത് പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ചർച്ചകളിലൂടെയും സംഭാഷണങ്ങളിലൂടെയും പരിഹരിക്കാനുള്ള അവസരങ്ങളും വേദികളും നമുക്കുണ്ട്. വിശുദ്ധ കുർബാനയെ അനാദരിക്കുന്നതും വിശുദ്ധ സ്ഥലത്തെ അവഹേളിക്കുന്നതുമായ പ്രവർത്തനങ്ങളും ഇടവകജനം പരസ്പരം സംഘർഷം ഉണ്ടാക്കുന്നതായ സാഹചര്യങ്ങളും മേലിൽ ആവർത്തിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

ഫാ. പോൾ മേലേടത്ത്
P. R. O.

# വാർത്തകളും വിശേഷങ്ങളും

## കൊരട്ടി, പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (NIMIT) കോളേജിനെ സ്വയം ഭരണാവകാശമുള്ള (autonomous) സ്ഥാപനമാക്കി ഉയർത്തി

എറണാകുളം-അങ്കമാലി മേജർ അതിരൂപതയുടെ കീഴിൽ, കൊരട്ടി, പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (NIMIT) 2024 നവംബർ മാസത്തിൽ നാക് അക്രെഡിറ്റേഷൻ (2 cycle) A++ കരസ്ഥമാക്കിയതിനു പുറമേ മറ്റൊരു നേട്ടം കൂടി കൈവരിച്ചു. 2025 ജൂലൈ 11-നു യുജിസി ഈ കോളേജിനെ **സ്വയംഭരണാവകാശമുള്ള (autonomous) സ്ഥാപനമാക്കി ഉയർത്തിയിരിക്കുന്നു**. ഭാരത് മാതാ കോളേജിനു ശേഷം ഓട്ടോണോമി കരസ്ഥമാക്കുന്ന മേജർ അതിരൂപതയുടെ കീഴിലുള്ള രണ്ടാമത്തെ കോളേജ് ആണ് പൊങ്ങത്തുള്ള നൈപുണ്യ.

---

## അൾജീരിയൻ പ്രസിഡണ്ട് പാപ്പായെ സന്ദർശിച്ചു

ജൂലൈ മാസം ഇരുപത്തിനാലാം തീയതി വത്തിക്കാനിലെ അപ്പസ്തോലിക കൊട്ടാരത്തിൽ വച്ച് പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് അൾജീരിയയുടെ പ്രസിഡന്റ് അബ്ദുൽമദ്ജിദ് ടെബ്ബൂണിനെ ലിയോ പതിനാലാമൻ പാപ്പാ സ്വീകരിച്ചു.

തുടർന്ന്, അദ്ദേഹം സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയത്രോ പരോളിനുമായി കൂടിക്കാഴ്ച നടത്തി, സംസ്ഥാനങ്ങളുമായും അന്താരാഷ്ട്ര സംഘടനകളുമായും ഉള്ള ബന്ധങ്ങൾക്കായുള്ള വിഭാഗത്തിന്റെ ബഹുമുഖ മേഖലയുടെ അണ്ടർസെക്രട്ടറി മോൺസിഞ്ഞോർ ഡാനിയേൽ പാച്ചോയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഹൃദ്യമായ ചർച്ചകളിൽ, പരിശുദ്ധ സിംഹാസനത്തിനും അൾജീരിയയ്ക്കും ഇടയിലുള്ള നല്ല നയതന്ത്ര ബന്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. രാജ്യത്തെ സഭയുടെ ജീവിതത്തിലെ ചില വശങ്ങളും അഭിസംബോധന ചെയ്യപ്പെട്ടു.

ലോകത്ത് സമാധാനവും സാഹോദര്യവും കെട്ടിപ്പടുക്കുന്നതിൽ മതാന്തര സംഭാഷണത്തിന്റെയും, സാംസ്കാരിക സഹകരണത്തിന്റെയും പ്രാധാന്യം വ്യക്തമാക്കി, നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യത്തെയും സംഭാഷണം അഭിസംബോധന ചെയ്തു.

# റോമിൽ യുവജന ജൂബിലി ഒരുക്കങ്ങൾ സമാപനഘട്ടത്തിൽ!

ഈ ജൂബിലി വർഷത്തിലെ യുവജന ജൂബിലിയാചരണം ജൂലൈ 28 മുതൽ ആഗസ്റ്റ് 3 വരെ റോമിൽ നടക്കും.സുവിശേഷവത്ക്കരണത്തിനായുള്ള വിഭാഗത്തിൻറെ പ്രോ-പ്രീഫെക്ട് ആർച്ചുബിഷപ്പ് സാൽവത്തോരെ റീനൊ ഫിസിക്കേല്ല (Archbishop Salvatore Rino Fisichella) ഇറ്റലിയുടെ മന്ത്രിസഭയുടെ ഉപകാര്യദർശി അൽഫ്രേദൊ മന്തൊവാനൊ, റോം നഗരാധിപൻ റൊബേർത്തൊ ഗ്വൽത്തിയേരി, ലാത്സിയൊ പ്രദേശത്തിന്റെ ഉപാദ്ധ്യക്ഷ ശ്രീമതി റൊബേർത്ത അഞ്ചെലീല്ലി, റോമിന്റെ പ്രീഫെക്ട് ലംബേർത്തൊ ജന്നീനി എന്നിവർ ഈ പത്രസമ്മേളനത്തിൽ സംസാരിച്ചു.

സംഘർഷങ്ങളാൽ ദാരുണമായി മുറിവേറ്റ ലോകം ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു വേളയാണ് ഈ യുവജന ജൂബിലിയെന്നും 146 രാജ്യങ്ങളിൽ നിന്നുള്ള യുവജന പ്രതിനിധികൾ ഇതിൽ പങ്കെടുക്കുമെന്നും ആർച്ചുബിഷപ്പ് ഫിസിക്കേല്ല പറഞ്ഞു. ഓരോ യുവാവിനും യുവതിക്കും അവരുടെ സമപ്രായക്കാരുമായി ഇടപഴകുമ്പോൾ, 'ഒരു ആശ്ലേഷം' അനുഭവിച്ചറിയാനും, 25 വർഷങ്ങൾക്ക് മുമ്പ് ജോൺ പോൾ രണ്ടാമൻ പാപ്പാ നലികിയ 'പ്രഭാത കാവൽക്കാർ' ആകാനുള്ള ആഹ്വാനത്തോട് വിശ്വസ്തത പുലർത്താനും കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

യുവജന ജൂബിലിയുടെ ആരംഭദിനത്തിൽ അതായത്, ജൂലൈ 28-ന് അഞ്ച് ലക്ഷത്തോളം തീർത്ഥാടകർ റോമിലെത്തുമെന്നും ഇവർക്ക് 270 ഇടവക കളിലും നാനൂറോളം വിദ്യാലയകെട്ടിടങ്ങളിലും വിവിധ കുടുംബങ്ങളിലും മറ്റിടങ്ങളിലുമായി ആതിഥ്യമരുളുമെന്നും ആർച്ചുബിഷപ്പ് ഫിസിക്കേല്ല വെളിപ്പെടുത്തി. 29 മുതൽ റോമിന്റെവിവിധ ഭാഗങ്ങളിലായി വിവിധ പരിപാടികൾ സംഘടിപ്പിക്കപ്പെടും. ആഗസ്റ്റ് 1-ന് ചിർക്കൊ മാസ്സിമൊ മൈതാനിയിൽ 200-ഓളം വൈദികർ കുമ്പസാരം കേൾക്കും. രണ്ടാം തീയതി റോമിന്റെ പ്രാന്തത്തിലുള്ള തോർ വെർഗാത്തയിൽ പാപ്പായുമൊത്തുള്ള ജാഗരണ പ്രാർത്ഥാന ശുശ്രൂഷയിൽ യുവതീയുവാക്കൾ പങ്കെടുക്കും. ആഗസ്റ്റ് 3-ന് ഞായറാഴ്ച രാവിലെ ലിയൊ പതിനാലാമൻ പാപ്പാ തോർ വെർഗാത്തയിൽ യുവജന ജൂബിലിയുടെ സമാപന ദിവ്യബലി അർപ്പിക്കും.

ഇറ്റലിയിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള സാങ്കേതിക സംവിധാനങ്ങളാണ് ഈ ജൂബിലിയാചരണത്തോടനുബന്ധിച്ച് ഒരുക്കുന്നതെന്ന് റോം നഗരാധിപൻ ഗ്വൽത്തിയേരി വെളിപ്പെടുത്തി. സന്നദ്ധസേവകർ, ക്രമസമാ

ധാന സുരക്ഷാ പാലകർ, ആരോഗ്യസേവകർ തുടങ്ങിയവരുടെ സാന്നിധ്യവും പ്രവർത്തനങ്ങളും സുഗമമായ ജൂബിലിയാചരണത്തിന് ഉറപ്പുവരുത്തിയിട്ടുണ്ട്.

## യുദ്ധം അവസാനിപ്പിക്കണമെന്നു നെതന്യാഹുവിനോടു വീണ്ടും മാർപാപ്പ

111-ാമത് ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിനത്തോട നുബന്ധിച്ച് ലിയോ പതിനാലാമൻ മാർപാപ്പ സന്ദേശം നൽകി.

ഇസ്രായേലിന്റെ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഫോണി വിളിച്ച പ്പോൾ സംഭാഷണം ഊർജിതമാക്കാനും വെടിനിറുത്തൽ പ്രഖ്യാപിക്കാനും യുദ്ധം അവസാനിപ്പിക്കാനും ലിയോ പതിനാലാമൻ മാർപാപ്പ വീണ്ടും ആവശ്യപ്പെട്ടു. ജൂലൈ 17-ന് ഗാസയിലെ തിരുക്കുടുംബ ഇടവകദേവാല യത്തിനു നേർക്ക് ഇസ്രായേലി സേന നടത്തിയ ആക്രമണത്തിന്റെ പശ്ചാത്ത ലത്തിലാണ് പിറ്റേന്നു രാവിലെ പ്രധാനമന്ത്രി നെതന്യാഹു പാപ്പായെ ഫോണിൽ വിളിച്ചതെന്ന് പരിശുദ്ധ സിംഹാസനത്തിന്റെ വാർത്താവിതരണ കാര്യാലയം വെളിപ്പെടുത്തി. ഇസ്രായേൽ സേന ദേവാലയത്തിനു നേർക്കു നടത്തിയ ആക്രമണത്തിൽ മൂന്നുപേർ മരണമടയുകയും ഏതാനും പേർക്കു പരിക്കേൽക്കുകയും ചെയ്തു. ഈ ആക്രമണത്തിൽ പള്ളി വികാരി ഗബ്രിയേൽ റൊമനെല്ലിക്കും പരിക്കേറ്റു. ഗാസയിലെ സ്ഥിതി അറിയുന്നതിനും തന്റെ സാമീപ്യം അറിയിക്കുന്നതിനും ഫ്രാൻസിസ് പാപ്പാ നിരന്തരം ഫോണിൽ വിളിക്കാറുള്ളയാളാണ് ഫാ. റൊമനെല്ലി.

ഗാസയിലെ ജനങ്ങളുടെ ഗുരുതരമായ മാനവികാവസ്ഥയെ ക്കുറിച്ചുള്ള തന്റെ ആശങ്ക പാപ്പ ആവർത്തിച്ചു രേഖപ്പെടുത്തുകയും ചെയ്തു. പ്രത്യേകിച്ച് കുട്ടികളും വയോജനങ്ങളും രോഗികളുമാണ് ഈ ദുരന്തത്തിൽ കടുത്ത വില നൽകേണ്ടിവരുന്നതെന്ന് പാപ്പ പറഞ്ഞു. ആരാധനാലയങ്ങളെയും പലസ്തീ നിലെയും ഇസ്രായേലിലെയും വിശ്വാസികളെയും സകല ജനങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യം പാപ്പാ ആവർത്തിച്ചു ചൂണ്ടിക്കാട്ടി.

ഗാസയിലെ തിരുക്കുടുംബ കത്തോലിക്കാ ഇടവക ദേവാലയത്തിനു നേർക്കുണ്ടായ ആക്രമണത്തിലും മരണങ്ങളിലും പരിക്കുകളിലുമുള്ള തന്റെ വേദന പാപ്പ സാമൂഹ്യമാധ്യമമായ 'എക്സി'ലൂടെ അറിയിച്ചിരുന്നു. ജെറുസലേമിലെ ലത്തീൻ പാത്രിയാർക്കീസ് പീയെർ ബത്തീസ്ത പിത്സബല്ലയുമായും പാപ്പ ടെലഫോണിൽ സംസാരിച്ചിരുന്നു.

# വിശ്വാസപരിശീലനകേന്ദ്രം

1. **2025 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

ആഗസ്റ്റ് 03 ഞായർ: എൻലൈറ്റ് - ചേർത്തല ഫൊറോന
ആഗസ്റ്റ് 03 ഞായർ: എലൈവ് - പള്ളിപ്പുറം ഫൊറോന
ആഗസ്റ്റ് 10 ഞായർ: എൻലൈറ്റ് - വൈക്കം ഫൊറോന
ആഗസ്റ്റ് 10 ഞായർ: എലൈവ് - തൃപ്പൂണിത്തുറ ഫൊറോന
ആഗസ്റ്റ് 17 ഞായർ: എൻലൈറ്റ് - പറവൂർ ഫൊറോന
ആഗസ്റ്റ് 17 ഞായർ: എലൈവ് - മൂഴിക്കുളം ഫൊറോന
ആഗസ്റ്റ് 24 ഞായർ: എൻലൈറ്റ് - കൊരട്ടി ഫൊറോന
ആഗസ്റ്റ് 31 ഞായർ: എലൈവ് - അങ്കമാലി ഫൊറോന

2. **ആഗസ്റ്റ് 03 ഞായർ:** (ആഗസ്റ്റ് 04 തിങ്കൾ) വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ (ഇടവക തലത്തിൽ കാറ്റിക്കിസം വിഭാഗം ആഘോഷിക്കുന്നു).

3. **റസിഡൻഷ്യൽ കോഴ്സ്:** എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ പോകുവാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാത്തവർക്കുവേണ്ടി മാത്രം അതിരൂപതാ കേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്.

a) **2025 ആഗസ്റ്റ് 1 മുതൽ 20 വരെ തീയതികളിലാണ് ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ ചേരുന്നവർ അതിരൂപത വിശ്വാസ പരിശീലനകേന്ദ്രത്തിൽ വന്നു പേര് രജിസ്റ്റർ ചെയ്യേണ്ടത്.**

b) **2025-2026 അധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

**ഒന്നാം വർഷ ഡിപ്ലോമ**:

2025 സെപ്റ്റംബർ 06, 07 - ഒന്നാം വർഷ ഡിപ്ലോമ - I Session
2026 മെയ് 02, 03 - ഒന്നാം വർഷ ഡിപ്ലോമ II Session

**രണ്ടാം വർഷ ഡിപ്ലോമ**:

2025 ഒക്ടോബർ 01, 02 - രണ്ടാം വർഷ ഡിപ്ലോമ I Session
2026 ഏപ്രിൽ 11, 12 - രണ്ടാം വർഷ ഡിപ്ലോമ II Session

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനും വേണ്ടി **Website:** **www.catechismernakulam.com**-ൽ **Diploma Residential Course** എന്ന **Menu**വിൽ ക്ലിക്ക് ചെയ്യുക. Search ചെയ്യുക.

4. **Teachers' Zonal Convention:**

2025 ആഗസ്റ്റ് 09 ശനി: അങ്കമാലി സോൺ (അങ്കമാലി, കറുകുറ്റി, കൊരട്ടി, മൂക്കന്നൂർ, മൂഴിക്കുളം) പൊങ്ങം നൈപുണ്യ കോളേജിൽ നടത്തുന്നു.

5. **POPE FRANCIS MEMORIAL വീഡിയോ ഇൻർവ്യൂ മത്സരം:** എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലന വിഭാഗം അതിരൂപതയിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി **"വിശ്വാസ പരിശീലനം, മാറ്റം അനിവാര്യമോ?"** എന്ന വിഷയത്തെ ആസ്പദമാക്കി **വീഡിയോ ഇൻർവ്യൂ മത്സരം** നടത്തുന്നു. അഭ്യസ്ത വിദ്യരായ വ്യക്തികളെ വിദ്യാർത്ഥികൾ ഇൻർവ്യൂ ചെയ്യുന്നതിന്റെ Video Record ചെയ്ത് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയോ അയച്ചുതരുകയോ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രധാനാധ്യാപകർ വഴി പിന്നീട് അറിയിക്കുന്നതാണ്.

6. ആഗസ്റ്റ് 15 (വ്യാഴം): മാതാവിന്റെ സ്വർഗാരോപണത്തിരുനാളും, ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും - ഓഫീസ് അവധി.

7. **Catechism Teachers' Basic Orientation Course (BOC-Residential):** സെപ്റ്റംബർ 13, 14 തീയതികളിൽ നടക്കുന്ന അദ്ധ്യാപകരുടെ താമസിച്ചുള്ള അടിസ്ഥാനപരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ പേരുകൾ നൽകേണ്ട അവസാന തീയതി ആഗസ്റ്റ് 17.

8. **നന്ദിയും സ്വാഗതവും:** 2023 ജനുവരി 28-ാം തീയതി മുതൽ 2025 ജൂലൈ 26-ാം തീയതി വരെ അതിരൂപതാ വിശ്വാസപരിശീലനവിഭാഗത്തിന്റെ അസി. ഡയറക്ടർ ആയി സേവനം ചെയ്ത ബഹു. ആന്റണി നടുവത്തുശ്ശേരി അച്ചന് നന്ദി. 2025 ജൂലൈ 26-ാം തീയതി അസി. ഡയറക്ടർ ആയി ചുമതലയേൽക്കുന്ന ബഹു. നിഖിൽ പടയാട്ടി അച്ചന് സ്നേഹോഷ്മളമായ സ്വാഗതം.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

ഫാമിലി അപ്പോസ്തലേറ്റ്

Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)
Jeevalaya Family Park, Chengal,Kalady 683574.
Ph: 0484-2462607, 8281544111

Renewal Centre, Azad Road Kaloor, Ph: 0484-2533077
Web: www.jeevalaya.org, Email : jeevalayafamilypark@gmail.com

## ആഗസ്റ്റ് - സെപ്റ്റംബർ 2025

### വിവാഹഒരുക്ക ധ്യാനം (MPR)

ആഗസ്റ്റ് 04-06 (കലൂർ) സെപ്റ്റംബർ 08-10 (കലൂർ)
ആഗസ്റ്റ് 13-15 (കാലടി) സെപ്റ്റംബർ 16-18 (കാലടി)
ആഗസ്റ്റ് 18-20 (ആലുവ, നിവേദിത) സെപ്റ്റംബർ 23-25 (കാലടി)
ആഗസ്റ്റ് 26-28 (കാലടി) സെപ്റ്റംബർ 30-02 (കലൂർ)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### സൺഷൈൻ ധ്യാനം (മുതിർന്ന ദമ്പതികൾക്ക്)

ആഗസ്റ്റ് 01-03

### ദമ്പതീ ധ്യാനം (Contact Number - 8078334522)

ആഗസ്റ്റ് 08-10 (20 ദമ്പതികൾക്ക് മാത്രം)

### വിധവാ ധ്യാനം (Contact Number -9400929111)

ആഗസ്റ്റ് 22-24

### സ്നേഹജ്വാല

ആഗസ്റ്റ് 15-17 നോർത്ത് കിടങ്ങൂർ
ആഗസ്റ്റ് 29-31 കുറ്റിപ്പാറ

### വിവാഹോത്സവ് 2025

വിവാഹത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അതിരൂപത അനുമോദിക്കുന്ന ഫൊറോനതല വിവാഹോത്സവ് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടക്കുന്നു. 1975, 2000 വർഷങ്ങളിൽ വിവാഹിതരായ ദമ്പതികളെ കണ്ടെത്തി പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ!

**ഫൊറോനതല വിവാഹോത്സവ് തിയതികൾ:**

| | |
|---|---|
| ആഗസ്റ്റ് 30 | - കൊരട്ടി, കറുകുറ്റി |
| സെപ്റ്റംബർ 13 | - അങ്കമാലി, മൂഴിക്കുളം, മൂക്കന്നൂർ |
| സെപ്റ്റംബർ 20 | - പള്ളിപ്പുറം, ചേർത്തല |
| സെപ്റ്റംബർ 27 | - മഞ്ഞപ്ര |
| ഒക്ടോബർ 04 | - കാഞ്ഞൂർ, വല്ലം, |
| ഒക്ടോബർ 11 | - എറണാകുളം, കിഴക്കമ്പലം |
| ഒക്ടോബർ 18 | - ഇടപ്പള്ളി, പറവൂർ |
| ഒക്ടോബർ 25 | - തൃപ്പൂണിത്തുറ, വൈക്കം |

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# ഡിപ്പാർട്ട്മെൻറ് ഓഫ് ബൈബിൾ അപ്പോസ്തലേറ്റ്

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2025

**കവിത, കഥ, ലേഖനം, ഏകാങ്ക നാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏത് ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറ് പേജിലും (പ്രിന്റ്: 3 പേജ്) ലേഖനം 10 പേജിലും (പ്രിന്റ്: 6പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്ക നാടകം 30 മിനിറ്റ് കൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ, വിവർത്തനമോ, മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധിയോ നിബന്ധനകളോ രചന മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

രചനകളിൽ പേരോ, വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻ ചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെ ആയിരിക്കും ലേഖന മത്സരം.

**ലേഖനത്തിന്റെ വിഷയം**

**അല്മായയർ: 'ജൂബിലി വർഷത്തിൽ ക്രൈസ്തവർ പ്രത്യാശയുടെ തീർത്ഥാടകർ'**

**സെമിനാരി വിദ്യാർത്ഥികൾ: 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ. 5:5)**

സന്യാസിനികൾ: 'ഫ്രാൻസിസ് മാർപാപ്പ പ്രത്യാശയുടെ പ്രവാചകൻ'

മത്സരത്തിന് അയക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷിപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/ Bank transfer to KCBC Bible Commission A/c No.0423053000006271, IFSC:SIBL0000423, SWIFT:, SOININ55, South Indan Bank,Vennala Branch) അയക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. ഒന്നും രണ്ടും മൂന്നും സ്ഥാനത്ത് എത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ 1500 രൂപ 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നൽകുന്നതാണ്. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ തിരിച്ച് നൽകുന്നതല്ല. ആയതിനാൽ, മത്സരത്തിന് അയയ്ക്കുന്നതിന് മുൻപ് കൃതികളുടെ കോപ്പികൾ എടുത്ത് സൂക്ഷിക്കേണ്ടതാണ്. കൃതികൾ ലഭിക്കേണ്ട അവസാന തീയതി: **2025 ഒക്ടോബർ 01**. കൃതികൾ അയക്കേണ്ട വിലാസം: സെക്രട്ടറി, കെ.സി.ബി.സി., ബൈബിൾ കമ്മീഷൻ, പി. ഒ. സി, പാലാരിവട്ടം, വെണ്ണല പി. ഒ., കൊച്ചി 682028.

**വചന സർഗ്ഗ പ്രതിഭ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു**

ദീർഘകാലം കെ.സി.ബി.സി. ബൈബിൾ കമ്മീഷനേയും ബൈബിൾ സൊസൈറ്റിയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചന സർഗ്ഗ പ്രതിഭ പുരസ്കാരത്തിന് 2025-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി ആണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസ ഫലകവും ആണ് പുരസ്കാരം.

**ബൈബിൾ വിജ്ഞാനീയമാണ് ഈ വർഷത്തെ വിഷയം:** (സൃഷ്ടിയുടെ കാലം, കർതൃത്വം, ലക്ഷ്യം, ചരിത്രം, ഫലങ്ങൾ, ഗുണഭോക്താക്കളുടെ വൈപുല്യം, സൃഷ്ടിയുടെ ഭാവി സാധ്യതകൾ, അടുത്ത പദ്ധതികൾ എന്നിവ വ്യക്തമാക്കണം) (മലയാളത്തിൽ മൂന്നു കോപ്പി വീതം നൽകണം) 2020 മുതലുള്ള രചനകൾ ആണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ഏവരും അവാർഡിന് പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ് .

2025 ഒക്ടോബർ ഒന്നിന് മുൻപ്, സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി. ഒ. സി., പാലാരിവട്ടം, പി. ബി. നമ്പർ 2251 കൊച്ചി 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

### Overseas Education

- Applications are open in August for November 2025 intake to Australia and Germany. Apply early and take the first step toward a global education!
- Ausbuildung applications for March 2026 intake will open this August. Start preparing now for a successful career in Germany!
- IELTS & NICE (Naipunnya International Communicative English) New Offline batches start on August 4th, 11th, 18th and 25th. Reserve your seat and get started!

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

**2025 ആഗസ്റ്റ് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (A1A2) ആഗസ്റ്റ് 4 ന് ആരംഭിക്കുന്നു
2. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (A1) ആഗസ്റ്റ് 4 ന് ആരംഭിക്കുന്നു.
3. ഫ്രഞ്ച് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) ആഗസ്റ്റ് 18 ന് ആരംഭിക്കുന്നു.
4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ 2025 - 2026 ആഗസ്റ്റ് ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.
5. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA
**Contact: 9544919133, 9947349966**

**AUGUST PROGRAMS**

1. **UGC NET /JRF** PAPER I & PAPER II –Offline batch for 2025 DECEMBER exam. (Admissions are now open for August batch)
2. **BANK** (IBPS, PO, CLERK, SO) –offline (New batches start on August 4th, 11th, 18th & 25th)
3. **SSC** (CGL, CHSL, MTS) –offline (New batches start on August 4th, 11th, 18th & 25th)
4. **CUET (**Common University Entrance Test) Online & Offline regular batches (Admissions are now open for August batches)
5. **RAILWAY RECRUITMENT BOARD**
   - Graduate level (New batches start on August 4th, 11th, 18th & 25th)
   - Undergraduate level (New batches start on August 4th, 11th, 18th & 25th)
6. **C MAT, K-MAT** Offline (Admissions are now open for August batches)
7. **IELTS, PTE & COMMUNICATIVE ENGLISH** New Offline & Online batches start on August 4th, 11th, 18th and 25th.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY
**Contact: 9544919155, 9633338433**

- IELTS, PTE & NICE (Naipunnya International Communicative English) New Offline batches start on August 4th, 11th, 18th and 25th. Reserve your seat and get started!

## 5) NAIPUNNYA INTERNATIONAL, PALA
**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാമ്പറമ്പൻ**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## 2025 ഓഗസ്റ്റ് മാസത്തെ പരിപാടികൾ

04 വർഷകാല ആരോഗ്യ പരിപാലനം - ബോധവത്കരണ പരിപാടി പൊന്നുരുന്നിയിൽ

04 മൈക്രോ ഫിനാൻസ് പബ്ലിക് റിലേഷൻസ് പരിശീലനസമാപനം - പൊന്നുരുന്നി

മനോമിത്രം കൗൺസിലിംഗ് സെന്റർ ഇടവകതല പ്രവർത്തനങ്ങളുടെ സമാരംഭം

മേഖലാതലത്തിൽ സഹൃദയ ആനിമേറ്റർമാരുടെ യോഗം

ചേർത്തല മേഖലാ ഓഫീസിൽ തയ്യൽ പരിശീലന കോഴ്സ്

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# AICO

## (Archdiocesan Institutions' Central Office)

**ഷെഡ്യൂൾ ചെയ്തിരിക്കുന്ന ബോർഡ് മീറ്റിംഗുകൾ**

| | |
|---|---|
| ജൂലൈ 30 | ഭാരത മാതാ കോളേജ് എഡ്യൂക്കേഷണൽ ട്രസ്റ്റ് |
| ഓഗസ്റ്റ് 08 | നൈപുണ്യ ചാരിറ്റബിൾ സൊസൈറ്റി |
| ഓഗസ്റ്റ് 11 | സെന്റ് ജോസഫ്സ് ITI, ചേർത്തല |
| ഓഗസ്റ്റ് 16 | ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് |

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ്**

# അതിരൂപതാ സി. എൽ. സി.

## മരിയോത്സവം 2025

**2025 ഓഗസ്റ്റ് 31 (ഞായർ - രചനാ മത്സരങ്ങൾ)**
**2025 ഒക്ടോബർ 01 ബുധൻ - അവതരണമത്സരങ്ങൾ)**
**ഭാരതമാതാ കോളേജ്, തൃക്കാക്കര**

**പൊതുനിബന്ധനകൾ**

1. **എല്ലാ മത്സര ഇനങ്ങളും ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. രചനയിലും അവതരണത്തിലും ആനുകാലിക ആവിഷ്കാരണം അനുവദിനീയമാണ്.**

2. **2008 ജനുവരി 1 മുതൽ 2012 ഡിസംബർ 31 വരെ (ജൂനിയർ).**
**2007 ഡിസംബർ 31ന് മുൻപ് ജനിച്ചവർ സീനിയേഴ്സ്.**

വ്യക്തിഗത മത്സരങ്ങളിൽ ജൂനിയേഴ്സിന് സീനിയർ വിഭാഗത്തിലോ, സീനിയേഴ്സിന് ജൂനിയർ വിഭാഗത്തിലോ മത്സരിക്കാൻ അനുവാദമില്ല.

3. അതിരൂപത **രചനാ മത്സരങ്ങൾ 2025 ഓഗസ്റ്റ് 31,** (ഞായർ) ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 മണി വരെയും, **അവതരണ മത്സരങ്ങൾ 2025 ഒക്ടോബർ 01 (ബുധൻ)** നടത്തപ്പെടുന്നു. **2025 സെപ്റ്റംബർ 15-ാം** തിയതിക്ക് മുമ്പ് ഫൊറോന തല മത്സരങ്ങൾ നടത്തി അതിരൂപത മത്സരത്തിനു വരുന്നവരുടെ പേരുകൾ സി. എൽ.സി അതിരൂപത തലത്തിൽ നൽകുന്ന **ഗൂഗിൾ ഫോമിൽ ലോഗിൻ ചെയ്തു രജിസ്റ്റർ ചെയ്യുക.** 2025 സെപ്റ്റംബർ 15ന് ശേഷം വരുന്ന എൻട്രികൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. അവതരണ മത്സരങ്ങൾക്കുള്ള രചനകൾ അംഗീകാരത്തിനായി അതിരൂപത മത്സര രജിസ്ട്രേഷനോടൊപ്പം ഏൽപ്പിക്കേണ്ടതാണ്.

4. **ഇടവക പള്ളിയിലെ സി.എൽ.സി അംഗങ്ങൾ അല്ലാത്തവരെ മരിയോത്സവ മത്സരത്തിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.** മത്സരത്തിൽ പങ്കെടുക്കുന്നവർ ഇടവക വികാരി ഒപ്പിട്ടതും ഇടവകയുടെ മുദ്രയോട് കൂടിയതും ഫോട്ടോ പതിപ്പിച്ചതുമായ ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷനോടൊപ്പം നൽകേണ്ടതാണ്. ഐഡന്റിറ്റിയെ കുറിച്ച് പരാതി ലഭിച്ചാൽ തിരിച്ചറിയൽ രേഖകളിൽ വ്യക്തതയില്ലാത്ത പക്ഷം അയോഗ്യരാക്കി പ്രഖ്യാപിക്കുന്നതാണ്. അവതരണ സമയത്ത് ഏതെങ്കിലും സാങ്കേതിക തടസ്സം ഉണ്ടായതായി ( സി.ഡി പ്ലെയർ കേടാകുക, കറന്റ് ഇല്ലാതാകുക)

ജഡ്ജസിന് ബോധ്യപ്പെടാൻ ടീം മാനേജർ ആവശ്യപ്പെടുന്നത് അനുസരിച്ച് പുനരവതരിപ്പിക്കാൻ അവസരം നൽകുന്നതാണ്.

5. **മത്സരങ്ങളെ സംബന്ധിച്ച് തർക്കം ഉണ്ടായാൽ ജൂറി ഓഫ് അപ്പീലിന്റെ തീരുമാനം അന്തിമമായിരിക്കും.**

6. **അവതരണ മത്സരങ്ങളുടെ ക്രമം 2025 സെപ്റ്റംബർ 27-ാം** തീയതി നറുക്കെടുപ്പിലൂടെ നൽകുന്നതായിരിക്കും. അതിൽ ഓരോ ഫൊറോന യുടെയും ടീം മാനേജർ അല്ലെങ്കിൽ പ്രതിനിധി പങ്കെടുക്കേണ്ടതാണ്. അവതരണ മത്സരങ്ങളിൽ പങ്കെടുക്കേണ്ട നിശ്ചിത ക്രമം അനുസരിച്ച് വേദി യിൽ ഹാജറാ യില്ലെങ്കിൽ മൂന്നു കോൾ വിളിച്ച് ക്യാൻസൽ ചെയ്യുന്നതാ യിരിക്കും. ഏറ്റവും അവസാനം അവർക്കു മത്സരിക്കാൻ സമയം നൽകുന്ന തായിരിക്കും. എന്നാൽ അങ്ങനെയുള്ളവർക്ക് ജഡ്ജസ് നൽകുന്ന മാർക്കിന്റെ 20% കുറച്ച് മാത്രമേ പരിഗണിക്കുകയുള്ളൂ. അങ്ങനെയുള്ളവർ കേന്ദ്ര ഓഫീ സിൽനിന്ന് ക്രമ വ്യത്യാസത്തിന് അനുവാദം വാങ്ങേണ്ടതാണ്. മത്സരവേദികളിൽ ആദ്യന്തി ടീം മാനേജർ മത്സര സ്ഥലത്ത് ഉണ്ടായിരിക്കണം.

7. മത്സരസംബന്ധമായ പരാതികൾ മത്സരം അവസാനിച്ചു 15 മിനിറ്റിനുള്ളിൽ ഫെറോന ഡയറക്ടറോ, ടീം മാനേജറോ **ജൂറി ഓഫ് അപ്പീലിന് 250/- രൂപ** ഫീസോടുകൂടി ഏൽപ്പിക്കേണ്ടതാണ്. മത്സരത്തിന്റെ ഫല പ്രഖ്യാപനത്തിനു ശേഷമുള്ള പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**<u>പ്രത്യേക നിബന്ധനകൾ:</u>**

**അവതരണ മത്സരങ്ങൾ: വ്യക്തിഗത മത്സരങ്ങൾ** (ജൂനിയർ,സീനിയർ വിഭാഗത്തിൽ പങ്കെടുക്കണം)

1. **ലളിതഗാനം:** (ജൂനിയർ, സീനിയർ).സമയം 5 മിനിറ്റ്. ആൺകുട്ടികൾ പെൺകുട്ടികൾ വെവേറെയായിരിക്കും. ഓരോ വിഭാഗത്തിലും രണ്ടുപേർക്ക് വിധം പങ്കെടുക്കാവുന്നതാണ്. ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന ഏതു ലളിതഗാനവും ആകാം.

2. **പ്രസംഗം:** (ജൂനിയർ, സീനിയർ) സമയം 5 മിനിറ്റ്. പ്രസംഗത്തിന് 5 മിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുക. ജൂനിയറിൽ നിന്നും സീനിയറിൽ നിന്നും രണ്ടുപേർക്ക് പങ്കെടുക്കാവുന്നതാണ്.

3. **ഡാൻസ് സിംഗിൾ:** [നാടോടിനൃത്തം] (ജൂനിയർ,സീനിയർ) സമയം 7 മിനിറ്റ്. രണ്ടുപേർക്ക് വീതം പങ്കെടുക്കാം. രണ്ടിന്റെയും പിന്നണിയിൽ റെക്കോർഡ് സംഗീതം മാത്രമേ അനുവദിക്കുകയുള്ളൂ. USBയിൽ ഗാനം കൊണ്ടുവരേണ്ടതാണ്.

4. **സങ്കീർത്തനാലാപനം:** (ജൂനിയർ,സീനിയർ) സമയം 5 മിനിറ്റ്. പി.ഒ.സി ബൈബിൾ ഉപയോഗിക്കണം. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. ജൂനിയർ, സീനിയർ വിഭാഗത്തിൽ രണ്ടുപേർക്ക് പങ്കെടുക്കാവുന്നതാണ്.

5. **മോണോ ആക്ട്:** (ജൂനിയർ,സീനിയർ) അവതരണസമയം 5 മിനിറ്റ്: വിഷയം- 'നീതി' എന്ന ആശയത്തെ ആവിഷ്കരിക്കുക

6. **പെയിന്റിങ് മത്സരം:** (ജൂനിയർ,സീനിയർ) സമയം 2 മണിക്കൂർ. ബൈബിളിലെ മാതാവിനോട് അനുബന്ധിച്ചുള്ള പ്രമേയങ്ങൾ ആയിരിക്കും മത്സര വിഷയമായി നൽകുക. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിൽ വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. അതിന് ആവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. മത്സര സമയം രണ്ടു മണിക്കൂർ ആയിരിക്കും. ജൂനിയർ,സീനിയർ വിഭാഗത്തിൽ മൂന്നുപേർക്ക് വിധം പങ്കെടുക്കാവുന്നതാണ്.

**അവതരണ മത്സരങ്ങൾ: ഗ്രൂപ്പ് മത്സരങ്ങൾ** (ജൂനിയർ, സീനിയർ വേർതിരിവില്ല. ഒരു ടീമിന് പങ്കെടുക്കാം)

**7. ക്വിസ് മത്സരം:**

2025 ലോഗോസ് ക്വിസ് വിഷയങ്ങൾ 75% ചോദ്യങ്ങൾ ന്യായാധിപന്മാർ 11-21, ലൂക്കാ 17-24, എഫേസോസുകാർക്ക് എഴുതിയ ലേഖനം 1-6, സി.എൽ.സി സംഘടനയുടെ ചരിത്രവും വളർച്ചയും 25% ചോദ്യങ്ങൾ.

ലോഗോസ് മാതൃകയിലായിരിക്കും ചോദ്യപേപ്പറുകൾ നൽകുക. ഒരു ടീമിൽ രണ്ടുപേർക്കും പങ്കെടുക്കാം. മത്സരത്തിൽ പങ്കെടുക്കുന്നവർ തമ്മിൽ ചർച്ചചെയ്ത് ഉത്തരം അടയാളപ്പെടുത്താവുന്നതാണ്. ഒരു ചോദ്യത്തിൽ സമ്മാനമായ മൂന്ന് ഉത്തരങ്ങൾ നൽകുമ്പോൾ അതിൽനിന്ന് ശരിയായത് പൂരിപ്പിക്കുക.ആദ്യത്തെ നൂറ് ചോദ്യങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ ശരിയായ ഉത്തരങ്ങൾ ആയിരിക്കും പരിഗണിക്കുക.

8. **മരിയൻ ഭക്തിഗാനം:** സമയം 7 മിനിറ്റ്. ഒരു ടീമിൽ പരമാവധി 10 പേർക്ക് പങ്കെടുക്കാം. മാതാവിനെ പ്രകീർത്തിച്ചുകൊണ്ടുള്ള ഭക്തിഗാനം ആയിരിക്കണം ആലപിക്കേണ്ടത്. വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നതിന് അനുവാദമില്ല. മൈക്ക് സംവിധാനം ഉണ്ടായിരിക്കുകയില്ല.

9. **ദൃശ്യാവതരണം:** വി.ഇഗ്നേഷ്യസിന്റെ ജീവിതം - ആദ്ധ്യാത്മികത. സമയം 8 മിനിറ്റ്. ഒരു ടീമിൽ പരമാവധി 10 പേർക്ക് പങ്കെടുക്കാം. ചമയങ്ങൾ അനുവദനീയമല്ല. പിന്നണി റെക്കോർഡ് അനുവദനീയമല്ല. മൈക്ക് സംവിധാനം ഉണ്ടായിരിക്കുന്നതല്ല.

10. **കഥാപ്രസംഗം:** വിശുദ്ധരുടെ ജീവിതത്തിൽ നിന്ന്. സമയം 15 മിനിറ്റ് സമയം. സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല. കഥാപ്രസംഗത്തിന് 3 മൈക്ക് സ്റ്റേജിൽ നൽകുന്നതാണ്. പിന്നണിയിൽ അഞ്ചുപേരിൽ കൂടുതൽ അംഗങ്ങൾ പാടില്ല.

11. **തെരുവുനാടകം:** സമയം 20 മിനിറ്റ്. ബൈബിൾ പ്രമേയങ്ങൾ ആയിരിക്കണം അവതരിപ്പിക്കേണ്ടത്. വസ്ത്ര, ചായങ്ങൾ ആകാം. ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്.

12. **മാർഗംകളി:** സമയം 10 മിനിറ്റ്. പാടുന്ന ആൾ ഉൾപ്പെടെ ഏഴുപേർ മാത്രമേ പങ്കെടുക്കാവൂ. ഇലത്താളം ഉപയോഗിക്കാവുന്നതാണ്.

**രചനാ മത്സരങ്ങൾ** (ജൂനിയർ,സീനിയർ വിഭാഗത്തിൽ പങ്കെടുക്കണം)

2025 ഓഗസ്റ്റ് 31 (ഞായർ) ഉച്ചകഴിഞ്ഞ് 2 മണി മുതൽ 6 മണി വരെ എല്ലാ ഫൊറോനകളിലും ഒരേസമയത്ത് ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുക.

**കവിതാ രചനാ, ചെറുകഥാ രചന, ഉപന്യാസ രചന, കാർട്ടൂൺ രചന, പോസ്റ്റർ രചന എന്നിവ ക്രിസ്തീയ ധാർമീക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിഷയങ്ങളായിരിക്കും നൽകപ്പെടുക**

**മത്സര ഫലങ്ങൾ**

**ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് A,B,C ഗ്രേഡ് അനുസരിച്ചായിരിക്കും പോയിന്റുകൾ ലഭുക്കുക. 100-80 വരെ പോയിന്റുകൾ ലഭിക്കുന്നവർ A ഗ്രേഡും, 79 -70 വരെ പോയിന്റുംകൾ ലഭക്കുന്നവർക്ക് B ഗ്രേഡും, 69-60 വരെ പോയിന്റുകൾ ലഭിക്കുന്നവർക്ക് C ഗ്രേഡും ലഭിക്കുന്നതാണ്.**

59 ശതമാനത്തിൽ കുറവു ലഭിക്കുന്നവർക്ക് പോയിന്റുകൾ ലഭിക്കുന്നതല്ല. മത്സരത്തിൽ ഒന്നാം സ്ഥാനമോ, രണ്ടാം സ്ഥാനമോ, മൂന്നാം സ്ഥാനമോ ലഭിച്ചാലും മാർക്ക് 59 ശതമാനത്തിൽ കുറവാണെങ്കിൽ പോയിന്റുകൾ ലഭിക്കുന്നതല്ല. ഗ്രൂപ്പിനങ്ങളിൽ പങ്കെടുക്കുന്ന എല്ലാ യൂണിറ്റിനും രണ്ടുപോയിന്റ് വീതവും വ്യക്തിഗത ഇനങ്ങളിൽ പങ്കെടുക്കുന്ന എല്ലാ യൂണിറ്റിനും ഒരു പോയിന്റ് വീതം പ്രത്യേകം നല്കുന്നതാണ്.

സമ്മാനങ്ങൾക്ക് അർഹരാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ട്രോഫിയും സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നല്കുന്നതാണ്.

**എല്ലാ ഫൊറോന, ഇടവക, സി.എൽ.സി. നേതൃത്വത്തിൽ നിന്നും അംഗങ്ങളിൽ നിന്നും സജീവമായ സഹകരണം പ്രതീക്ഷിക്കുന്നു.**

| No | മത്സര വിഭാഗം | പങ്കെടുക്കുന്നവരുടെ എണ്ണം | സമയം | A Grade | B Grade | C Grade |
|---|---|---|---|---|---|---|
| | | | | 100-80 | 79-70 | 69-60 |
| | **വ്യക്തിതല മത്സരങ്ങൾ** | | | | | |
| 1 | ലളിതഗാനം-ജൂനിയർ ബോയ്സ് | രണ്ട്പേർ | 5 Min | 5 | 3 | 2 |
| | ലളിതഗാനം-ജൂനിയർ ഗേൾസ് | രണ്ട്പേർ | 5 Min | 5 | 3 | 2 |
| | ലളിതഗാനം-സീനിയർ ബോയ്സ് | രണ്ട്പേർ | 5 Min | 5 | 3 | 2 |
| | ലളിതഗാനം-സീനിയർ ഗേൾസ് | രണ്ട്പേർ | 5 Min | 5 | 3 | 2 |
| 2 | പ്രസംഗം - ജൂനിയർ | രണ്ട്പേർ | 5 Min | 5 | 3 | 2 |
| | പ്രസംഗം - സീനിയർ | രണ്ട്പേർ | 5 Min | 5 | 3 | 2 |
| 3 | നാടോടിനൃത്തം - ജൂനിയർ | രണ്ട്പേർ | 7 Min | 5 | 3 | 2 |
| | നാടോടിനൃത്തം - സീനിയർ | രണ്ട്പേർ | 7 Min | 5 | 3 | 2 |
| 4 | സങ്കീർത്തനാലാപനം - ജൂനിയർ | രണ്ട്പേർ | 5 Min | 5 | 3 | 2 |
| | സങ്കീർത്തനാലാപനം - സീനിയർ | രണ്ട്പേർ | 5 Min | 5 | 3 | 2 |
| 5 | മോണോ ആക്ട് - ജൂനിയർ | രണ്ട്പേർ | 15 Min | 5 | 3 | 2 |
| | മോണോ ആക്ട് - സീനിയർ | രണ്ട്പേർ | 15 Min | 5 | 3 | 2 |
| 6 | പെയിന്റിംഗ് - ജൂനിയർ | മൂന്ന്പേർ | 2 Hour | 5 | 3 | 2 |
| | പെയിന്റിംഗ് - സീനിയർ | മൂന്ന്പേർ | 2 Hour | 5 | 3 | 2 |
| | **ഗ്രൂപ്പ്തല മത്സരങ്ങൾ** | | | | | |
| 7 | ക്വിസ്സ് | 4 ടീം (2 പേർ വീതം) | 1.30 Hour | 10 | 7 | 5 |
| 8 | മാർഗ്ഗംകളി | 1 ടീം (പാടുന്നവർ ഉൾപ്പെടെ 7 പേർ വീതം) | 10 Min | 10 | 7 | 5 |
| 9 | മരിയൻ ഭക്തിഗാനം | 1 ടീം (10 പേർ വീതം) | 7 Min | 10 | 7 | 5 |
| 10 | ദൃശ്യാവതരണം | 1 ടീം (10 പേർ വീതം) | 8 Min | 10 | 7 | 5 |
| 11 | കഥാപ്രസംഗം | 1 ടീം (6 പേർ വീതം) | 15 Min | 10 | 7 | 5 |
| 12 | തെരുവുനാടകം | 1 ടീം (എണ്ണം ഇല്ല) | 20 Min | 10 | 7 | 5 |
| | **രചനാ മത്സരങ്ങൾ** | | | | | |
| 13 | കവിത | മൂന്ന്പേർ | 1Hour | 5 | 3 | 2 |
| 14 | ചെറുകഥ | മൂന്ന്പേർ | 1Hour | 5 | 3 | 2 |
| 15 | ഉപന്യാസം | മൂന്ന്പേർ | 1Hour | 5 | 3 | 2 |
| 16 | കാർട്ടൂൺ | മൂന്ന്പേർ | 1Hour | 5 | 3 | 2 |
| 17 | പോസ്റ്റർ | മൂന്ന്പേർ | 1Hour | 5 | 3 | 2 |

**ഫാ. ആന്റോ ചാലിശ്ശേരി**
**പ്രമോട്ടർ, എറണാകുളം-അങ്കമാലി അതിരൂപത**

# അതിരൂപതാ ഡയറി

**ജൂലൈ 2025**

06 വൈകുന്നേരം മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ അധ്യക്ഷതയിൽ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ പുതിയ കൂരിയാ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു.

ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപത വൈദികരുടെ ആദ്യ ബാച്ച് വാർഷിക ധ്യാനത്തിൽ ആമുഖപ്രഭാഷണം നടത്തി.

07 ജോസഫ് പാംപ്ലാനി പിതാവ് രാവിലെ കൂരിയാ മീറ്റിംങിൽ പങ്കെടുത്തു. വൈകുന്നേരം ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ (ആദ്യ ബാച്ച്) പങ്കെടുക്കുന്ന അച്ചന്മാരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

10 ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിന് പോയി സമാപന സന്ദേശം നൽകി.

11 ജോസഫ് പാംപ്ലാനി പിതാവ്, അരമനയിൽ AICO -യുടെ നേതൃത്വത്തിൽ നടന്ന വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടേയും, അസിസ്റ്റന്റ് ഡയറക്ടർമാരുടേയും യോഗത്തിൽ പങ്കെടുത്തു.

13 ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപത വൈദികരുടെ വാർഷിക ധ്യാനത്തിൽ (രണ്ടാം ബാച്ച്) ആമുഖപ്രഭാഷണം നടത്തി.

15 ജോസഫ് പാംപ്ലാനി പിതാവ്, അതിരൂപതയിലെ സഹൃദയ സോഷ്യൽ സർവീസിന്റെ കീഴിലുള്ള ജെ.എൽ.ജി. ഗ്രൂപ്പുകളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

ജോസഫ് പാംപ്ലാനി പിതാവ്, ചേർത്തല മുട്ടം സെന്റ് മേരീസ് ഫൊറോന പള്ളി ഇടവകയിൽപ്പെട്ടതും കേരള മുൻ മുഖ്യമന്ത്രി എ. കെ. ആന്റണിയുടെ സഹോദരനുമായ എ. കെ. ജോണിന്റെ നിര്യാണത്തിൽ, ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി.

16 ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ (രണ്ടാം ബാച്ച്) പങ്കെടുക്കുന്ന അച്ചന്മാരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

23 ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി നിവേദിതയിൽ നടന്ന അതിരൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ (മൂന്നാം ബാച്ച്) പങ്കെടുക്കുന്ന അച്ചന്മാരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന അതിരൂപതയിലെ എല്ലാ കൊച്ചച്ചൻമാരുടെയും മീറ്റിംഗിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവും, അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവും പങ്കെടുത്തു.

* * * * *

# പൗരോഹിത്യ രജത ജൂബിലി മംഗളങ്ങൾ



REV. FR. JOSEPH (BABU) KALATHIL



REV. FR. MARTIN KALLUNGAL



REV. FR. VARGHESE (BAIJU) KANNAMPILLY



REV. FR. KURIAN KATTAKAYAM



REV. FR. PAUL (STENNY) KUNNEKKADAN



REV. FR. PAUL MORELY



REV. FR. TOM MULLANCHIRA



REV. FR. ROJAN NANGELIMALIL



REV. FR. SEBASTIAN NAZHIYAMPARA



REV. FR. JOSEPH PARECATTIL



REV. FR. VARGHESE (BAIJU) PONTHEMPILLY



REV. FR. VARGHESE (ASSIN) THAIPARAMBIL



REV. FR. THOMAS VALOOKKARAN



REV. FR. JOHN VATTATHARA

RNI No. 3421/57
Date of Publication: 01-08-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM

## വിശുദ്ധ ജോൺ മരിയ വിയാനി

കത്തോലിക്കാ സഭയിലെ ഒരു വിശുദ്ധനാണ്
ജോൺ മരിയ വിയാനി. അദ്ദേഹം ഫ്രാൻസിലെ
ഒരു കത്തോലിക്കാ പുരോഹിതനായിരുന്നു.
കിഴക്കൻ ഫ്രാൻസിൽ ആർസ് ഗ്രാമത്തിൽ
ഇടവകവികാരി ആയിരുന്ന അദ്ദേഹം
"ആർസിലെ വികാരി" എന്ന പേരിലും
അറിയപ്പെടുന്നു. തന്റെ സമൂഹത്തിലും
ചുറ്റുപാടിലും ഉളവാക്കിയ ആത്മീയ രൂപാന്ത
രീകരണം അദ്ദേഹത്തിന്റെ പുരോഹിതവൃത്തി
അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടാൻ
ഇടയാക്കി. പുരോഹിതരുടെ മദ്ധ്യസ്ഥനായി
അദ്ദേഹത്തെ സഭ വണങ്ങുന്നു.

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org